2023 SEPTEMBER
28
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ആധാർ: മൂഡീസ് വാദങ്ങൾ തള്ളി കേന്ദ്രം

**ന്യൂഡൽഹി:** ആധാറുമായി ബന്ധപ്പെട്ട് രാജ്യാന്തര ക്രെഡിറ്റ് റേറ്റിങ് സ്ഥാപനമായ മൂഡീസ് ഇൻവെസ്റ്റേഴ്സ് സർവീസ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിലെ വാദങ്ങൾ കേന്ദ്രസർക്കാർ തള്ളി. സ്വകാര്യത, സുരക്ഷ അടക്കമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് റിപ്പോർട്ടിലെ പരാമർശങ്ങൾ. ഇവ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര ഐടി മന്ത്രാലയം വാർത്താക്കുറിപ്പിൽ അറിയിച്ചു. ആധാർ ബയോമെട്രിക് (വിരലടയാളം) ഓതന്റിക്കേഷൻ പരാജയപ്പെടുന്നത് തൊഴിലാളികൾക്ക് അവരുടെ സേവനങ്ങൾ നിഷേധിക്കപ്പെടുന്നതിന് കാരണമാകുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു.

തൊഴിലുറപ്പ് തൊഴിലാളികളെയാണ് പരോക്ഷമായി പരാമർശിച്ചിരിക്കുന്നതെങ്കിലും വാദം തെറ്റാണെന്ന് മന്ത്രാലയം മറുപടിയിൽ പറയുന്നു. വേതനം സ്വീകരിക്കുന്നതിനോ ആധാർ സീഡിങ്ങിനോ വിരലടയാളം വയ്ക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ വിരലടയാളം പരാജയപ്പെട്ടാൽ കണ്ണ് സ്കാൻ ചെയ്തോ ഫോണിലെത്തുന്ന ഒടിപി വഴിയോ ഓതന്റിക്കേഷൻ പൂർത്തിയാക്കാം. ആധാർ വിവരങ്ങളുടെ സുരക്ഷ സംബന്ധിച്ച ആശങ്ക അസ്ഥാനത്താണ്. ഇതുവരെ ആധാർ വിവരശേഖരത്തിൽ നിന്ന് ചോർച്ചയുണ്ടായിട്ടില്ലെന്നും ഐടി മന്ത്രാലയം അറിയിച്ചു.

## നിർമിത ബുദ്ധി: ഇൻഫിയും മൈക്രോസോഫ്റ്റും ഒരുമിക്കുന്നു

**ന്യൂഡൽഹി:** നിർമിത ബുദ്ധി (എഐ) മേഖലയിൽ സഹകരിക്കാൻ ഇൻഫോസിസും മൈക്രോസോഫ്റ്റും ധാരണയായി. ഇൻഫിയുടെ എഐ വിഭാഗമായ ടോപാസ് മൈക്രോസോഫ്റ്റിന്റെ അഷർ ഓപ്പൺ എഐ സർവീസ്, അഷർ കോഗ്നിറ്റീവ് സർവീസസ് എന്നിവയുമായി ചേർന്ന് എല്ലാ മേഖലകളിലേക്കുമുള്ള എഐ സേവനങ്ങൾ ആഗോള വിപണിക്കു നൽകാൻ ഇനി ഒരുമിച്ചു പ്രവർത്തിക്കും. ഡേറ്റയുടെയും എഐയുടെയും ജനാധിപത്യവൽക്കരണവും വരുമാനവർധനയും ഉയർന്ന ഉൽപാദനക്ഷമതയുമുൾപ്പെടെ വിപ്ലവകരമായ മാറ്റങ്ങൾ അതിവേഗം നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആഗോള ഐടി വമ്പൻമാർ കൈകോർക്കുന്നത്.

ടോപാസിന് ഇനി അഷർ ഓപ്പൺ എഐയുടെയും അഷർ കോഗ്നിറ്റീവ് സർവീസസിന്റെ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാനാകും. എഐ രംഗത്തെ സഹകരണത്തിന് ആഗോള എഐ, ചിപ് നിർമാണ വമ്പൻ എൻവിഡിയയുമായി ടാറ്റയും റിലയൻസും കഴിഞ്ഞ ദിവസം കരാറായിരുന്നു. എഐ അടിസ്ഥാന സൗകര്യങ്ങൾ അതിവേഗം വ്യാപകമാക്കുകയാണ് വിദേശകമ്പനികളുമായുള്ള പങ്കാളിത്തത്തിന്റെ ലക്ഷ്യം. മൈക്രോസോഫ്റ്റും ഇൻഫോസിസും കൂടി സഹകരണവുമായി എത്തുമ്പോൾ രാജ്യത്തെ എഐ വിപ്ലവത്തിന്റെ വേഗം കൂടും.

## നോമിനി അപ്ഡേഷൻ: ഡിസംബർ 31 വരെ നീട്ടി

**മുംബൈ:** ഓഹരി നിക്ഷേപത്തിനായുള്ള ഡിമാറ്റ് അക്കൗണ്ടുള്ളവർക്കും മ്യൂച്വൽ ഫണ്ട് നിക്ഷേപകർക്കും നോമിനിയെ ചേർക്കാനുള്ള സമയപരിധി സെബി (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) ഡിസംബർ 31 വരെ നീട്ടി.

ഈ 30 ന് അവസാനിക്കാനിരിക്കെയാണ് സമയപരിധി നീട്ടിയത്. നോമിനിയില്ലാത്ത അക്കൗണ്ടുകൾ 30ന് ശേഷം മരവിപ്പിക്കുമെന്ന് സെബി നേരത്തെ അറിയിച്ചിരുന്നു. എക്സ്ചേഞ്ചുകളുടെയും സ്റ്റോക്ക് മാർക്കറ്റ് ബ്രോക്കർമാരുടെ സംഘടനകളുടെയും നിക്ഷേപകരുടെയും നിർദേശം കണക്കിലെടുത്താണ് സമയപരിധി നീട്ടിയത്. ഇത് രണ്ടാം തവണയാണ് സെബി സമയപരിധി നീട്ടിനൽകുന്നത്. ആദ്യം നിശ്ചയിച്ച തീയതി മാർച്ച് 31 ആയിരുന്നു.

# ലോകവാണിജ്യ കേന്ദ്രമാകാൻ ഹൈഫയിലെ ഇന്ത്യൻ തുറമുഖം



**കൊച്ചി:** യൂറോപ്പിലേക്ക് ഇന്ത്യൻ ചരക്കു കപ്പലിന്റെ യാത്രാ സമയം 40% കുറയ്ക്കാം, സൂയസ് കനാൽ ഒഴിവാക്കി യൂറോപ്പിലെത്താം. വാണിജ്യത്തിൽ ചൈനയ്ക്ക് ബദലാകാം. ഇസ്രയേലിൽ ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള ഹൈഫ തുറമുഖമാണ് അതിലെ കേന്ദ്ര ബിന്ദു!അതിനുള്ള പദ്ധതിയായ ഇന്ത്യ മിഡിൽ ഈസ്റ്റ് ഇക്കണോമിക് കൊറിഡോർ (ഐഎംഇസി) യാഥാർഥ്യമാവുമ്പോൾ ലോക സമ്പദ്‌വ്യവസ്ഥയ്ക്കു തന്നെ വിപ്ലവകരമായ മാറ്റം വരുമെന്ന് ഇസ്രയേലി വിദേശകാര്യ മന്ത്രി എലി കോഹൻ പറയുന്നു. ജി20 സമ്മേളനത്തിലാണ് പദ്ധതി പ്രഖ്യാപിച്ചത്.

ഇസ്രയേലും ഇന്ത്യയും മാത്രമല്ല യുഎഇയും സൗദി അറേബ്യയും ജോർദാനും യൂറോപ്യൻ രാജ്യങ്ങളുമായുള്ള സംയുക്ത പദ്ധതിയാണിത്. വിഴിഞ്ഞത്തു നിന്നുൾപ്പെടെ ഇന്ത്യൻ ചരക്കു കപ്പലുകൾക്ക് യൂറോപ്യൻ തുറമുഖങ്ങളിൽ 10 ദിവസത്തിനകം എത്താനാകും.

അമേരിക്കയുടെ മധ്യസ്ഥതയിൽ ഇസ്രയേലും യുഎഇയും തമ്മിൽ ഒപ്പുവച്ച ഏബ്രഹാമിക് ഉടമ്പടിയാണ് ഇതിനെല്ലാം വഴി തുറക്കുന്നത്. അതോടെ യുഎഇയും ഇസ്രയേലും തമ്മിൽ നയതന്ത്രബന്ധങ്ങളും വാണിജ്യവും ടൂറിസവുമായി. പിന്നീട് മൊറോക്കോയും ബഹ്റൈനും ഉടമ്പടിയിൽ ചേർന്നു. ഇസ്രയേലുമായി സൗദി നയതന്ത്രബന്ധം ആരംഭിക്കാൻ പോകുന്നു. ഇതാണ് റെയിൽ നെറ്റ്‌വർക്കിന് ആശയമായത്. ഇന്ത്യയിൽ നിന്ന് കണ്ടെയ്നർ കപ്പലുകളിൽ യുഎഇ തുറമുഖത്ത് എത്തിക്കുന്ന ചരക്ക് റെയിൽമാർഗം സൗദിയിലേക്കും ജോർദാനിലേക്കും ഹൈഫ തുറമുഖത്തേക്കും. അവിടെ നിന്ന് വീണ്ടും കപ്പലിൽ യൂറോപ്പിലേക്ക്. തിരിച്ചും ഇതേ റൂട്ടിലൂടെ ചരക്ക് എത്തുന്നു. ഇതാണ് പദ്ധതി.

അദാനി പോർട്ടും ഇസ്രയേലി കെമിക്കൽസ് ആൻഡ് ലോജിസ്റ്റിക്സ് ഗ്രൂപ്പായ ഗാദോത്തും ചേർന്നുള്ള സംയുക്ത സംരംഭമാണിത്.

നിലവിൽ ഇന്ത്യൻ ഇസ്രയേൽ പതാകകളുടെ തണലിലാണ് ഹൈഫയിലെ ചരക്കുനീക്കം.റയിൽവേ ശൃംഖലയിൽ അമേരിക്ക നിക്ഷേപം നടത്തും. ഇസ്രയേൽ 2100 കോടി ചെലവിടുന്നുണ്ട്. യൂറോപ്പിൽ ഇറ്റലി, ഫ്രാൻസ്, ജർമനി എന്നീ രാജ്യങ്ങളും യൂറോപ്യൻ യൂണിയനും പദ്ധതിയുടെ പങ്കാളികളാണ്. ഗൾഫുമായി ബന്ധപ്പെട്ടതിനാൽ മലയാളികൾക്ക് ഒട്ടേറെ തൊഴിലവസരങ്ങൾ തുറക്കും.






# പൈതൃക ടൂറിസം ശക്തിപ്പെടുത്തണം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

**തിരുവനന്തപുരം:** എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന സുസ്ഥിര മാതൃകകൾ ടൂറിസത്തിൽ സ്വീകരിക്കണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ട്രാവൽ എക്സ്പോ ഗ്ലോബൽ ട്രാവൽ മാർക്കറ്റിന്റെ (ജിടിഎം2023) ആദ്യ പതിപ്പ് കോവളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനന്തമായ സാധ്യതകളുള്ള പൈതൃക ടൂറിസം ശക്തിപ്പെടുത്തണമെന്നും ഗവർണർ പറഞ്ഞു. ചടങ്ങിൽ മെട്രോ എക്സ്പെഡിഷൻ മാഗസിന്റെ പ്രത്യേക പതിപ്പ് ഗവർണർ പ്രകാശനം ചെയ്തു. ജിടിഎമ്മിന്റെ സെമിനാർ സെഷൻ ഗോവ ഗവർണർ പി.എസ് ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു.

ജിടിഎം 2023 ഹാൻഡ് ബുക്ക് മന്ത്രി പി.എ മുഹമ്മദ് റിയാസ് പ്രകാശനം ചെയ്തു. ബംഗ്ലദേശ് ഡപ്യൂട്ടി ഹൈക്കമ്മിഷണർ ഷെല്ലി സലെഹിൻ പ്രത്യേക പ്രഭാഷണം നടത്തി.

ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് പ്രസിഡന്റ് രഘുചന്ദ്രൻ നായർ, സൗത്ത് കേരള ഹോട്ടലിയേഴ്സ് ഫോറം വൈസ് പ്രസിഡന്റ് എം.ആർ നാരായണൻ, കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രീസ് പ്രസിഡന്റ് ഇ.എം നജീബ്, കെടിഎം മുൻ പ്രസിഡന്റ് ബേബി മാത്യു,

സൗത്ത് കേരള ഹോട്ടലിയേഴ്സ് ഫോറം പ്രസിഡന്റ് സുധീഷ്കുമാർ, കേരള ടൂറിസം ഡവലപ്മെന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി കോട്ടുകാൽ കൃഷ്ണകുമാർ, ജിടിഎം സിഇഒ സിജി നായർ, ജിടിഎം ജനറൽ കൺവീനർ പ്രസാദ് മഞ്ഞളി എന്നിവർ പങ്കെടുത്തു.

അംഗീകൃത ടൂർ ഓപ്പറേറ്റർമാർക്കും ട്രാവൽ ഏജന്റുമാർക്കും സ്പോട്ട് റജിസ്ട്രേഷനിലൂടെ ഇന്നും നാളെയുംനടക്കുന്ന എക്സ്പോയിലും സെമിനാർ സെഷനുകളിലും പങ്കെടുക്കാം.

30 ന് എക്സ്പോയിൽ പൊതുജനങ്ങൾക്ക് സൗജന്യ പ്രവേശനം അനുവദിക്കും.

# ജനറേറ്റീവ് നിർമിതബുദ്ധിയും വിദ്യാഭ്യാസത്തിന്റെ ഭാവിയും: അന്താരാഷ്ട്ര കോൺക്ലേവിന് 30നു തിരുവനന്തപുരത്ത് തുടക്കം

**തിരുവനന്തപുരം:**നിർമിതബുദ്ധി (എ.ഐ) ഉന്നതവിദ്യാഭ്യാസരംഗത്ത് തുറന്നിടുന്ന ഭാവിസാധ്യതകൾ ചർച്ച ചെയ്യാൻ കേരളത്തിലെ ആദ്യ അന്താരാഷ്ട്ര കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഐ.എച്ച്.ആർ.ഡി സംഘടിപ്പിക്കുന്ന കോൺക്ലേവ് സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിലായി ഐ.എം.ജിയിൽ നടക്കും. വിദ്യാഭ്യാസ, സാങ്കേതിക, നയരൂപീകരണ, വ്യവസായ, വാണിജ്യ രംഗങ്ങളിലെ വിശിഷ്ട വ്യക്തികൾ കോൺക്ലേവിൽ പങ്കെടുക്കുമെന്ന് മന്ത്രി ബിന്ദു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നിർമിതബുദ്ധി വിദ്യാഭ്യാസരംഗത്ത് വരുത്തുന്ന മാറ്റങ്ങളെയും അതിന്റെ പരിണിതഫലങ്ങളെയും കുറിച്ചു കോൺക്ലേവ് ചർച്ചചെയ്യുമെന്നു മന്ത്രി പറഞ്ഞു. രാജ്യത്തും വിദേശത്തുമുള്ള വിദ്യാഭ്യാസ വിചക്ഷണരും വാണിജ്യ, വ്യവസായ രംഗങ്ങളിലെ പ്രമുഖരും വിഷയമവതരിപ്പിക്കും. തുടർചർച്ചകളിലും അവർ പങ്കാളികളാകും. നിർമിതബുദ്ധിയുടെ സാധ്യതകൾ ഉപയോഗിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നേറ്റങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. നിർമിതബുദ്ധിയുടെ സഹായം വിദ്യാർഥികൾക്കും അധ്യാപകർക്കും സമയലാഭമുണ്ടാക്കുകയും, ജോലിഭാരം കുറയ്ക്കുകയും ചെയ്യുന്നു. സമ്മേളനത്തിനു മുന്നോടിയായി കേരളത്തിലുടനീളമുള്ള ഐഎച്ച്ആർഡി എൻജിനിയറിങ് കോളജുകൾ, അപ്ലൈഡ് സയൻസ് കോളജുകൾ, പോളിടെക്നിക്കുകൾ, എക്സ്റ്റൻഷൻ സെന്ററുകൾ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവിടങ്ങളിൽ നിർമിതബുദ്ധിയുമായി ബന്ധപ്പെട്ട സെമിനാറുകളും നടക്കുന്നുണ്ട്. ചാറ്റ് ജിപിറ്റി, ഡാൽ ഇ, ബാർഡ് തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് ശിൽപ്പശാലകൾ., ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെയും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർഥികളെ പങ്കെടുപ്പിച്ച് നിർമിതബുദ്ധി അടിസ്ഥാനമാക്കിയുള്ള ആപ്പ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം മത്സരങ്ങളും കോൺക്ലേവിന്റെ ഭാഗമായി നടക്കും.

രജിസ്ട്രേഷൻ വഴി ഓൺലൈനായും 150 പേർക്ക് നേരിട്ടും പങ്കെടുക്കാവുന്ന വിധത്തിലാണ് ദ്വിദിന സമ്മേളനം സംഘടിപ്പിക്കുന്നത്. അധ്യാപകർ, വിദ്യാർഥികൾ, വ്യവസായികൾ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങി വ്യത്യസ്ത ശ്രേണിയിലുള്ളവരെ ഒരേ വേദിയിൽ അണിനിരത്തുവാനും, നിർമിതബുദ്ധി വിദ്യാഭ്യാസരംഗത്ത് വരുത്തുന്ന പരിവർത്തനങ്ങളെക്കുറിച്ച് അവബോധം നൽകാനും ഈ വിഷയങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കാനും കോൺക്ലേവ് സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു.

ഡോ. അഷ്റഫ് എസ് (ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള) ജനറേറ്റീവ് നിർമിതബുദ്ധിയുടെ കാലത്ത് സഹകാരിക ബുദ്ധി എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കും. ഡോ. അരുൺ സുരേന്ദ്രൻ (ട്രിനിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം) അധ്യാപന പഠന രംഗത്ത് ജനറേറ്റീവ് നിർമിതബുദ്ധി ഭീഷണിയല്ല ഉപകരണമാണ് എന്ന വിഷയമ അവതരിപ്പിക്കും. ഡോ. ദീപക് മിശ്ര (ഐ ഐ എസ് ടി, തിരുവനന്തപുരം) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും ജനറേറ്റീവ് നിർമിതബുദ്ധി എങ്ങനെ പ്രയോജനപ്പെടുത്താം എന്ന വിഷയം അവതരിപ്പിക്കും. റോബിൻ ടോമി (ടി സി എസ്) നിർമ്മിതബുദ്ധി നന്മയ്ക്ക്: ജനറേറ്റീവ് നിർമ്മിതബുദ്ധിയുടെ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിൽ എങ്ങിനെ സ്വാധീനം ചെലുത്താം എന്ന വിഷയം അവതരിപ്പിക്കും. ശ്രീ. അനൂപ് അംബിക, ഡോ.രാജശ്രീ എം എസ് എന്നീ വിദ്യാഭ്യാസവിചക്ഷണർ പങ്കെടുക്കും.

# കേരളീയം: നവകേരളത്തിന്റെ രൂപരേഖയുമായി 25 സെമിനാറുകൾ

**തിരുവനന്തപുരം:**കേരളത്തിന്റെ നേട്ടങ്ങളുടെ വിളംബരവുമായി നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം നഗരം ആതിഥ്യമരുളുന്ന കേരളീയം 2023ൽ ഭാവി കേരളത്തിന്റെ രൂപരേഖയുമായി 25 സെമിനാറുകൾ.നവംബർ രണ്ടുമുതൽ ആറുവരെയുള്ള അഞ്ചുദിവസങ്ങളിലാണ് പ്രതിദിനം അഞ്ചു സെമിനാറുകളിലായി നവകേരളത്തെ കുറിച്ചുള്ള ചർച്ചകൾ നടക്കുക.കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളും ഭാവികേരളം എങ്ങോട്ട് എന്നുമുള്ള വിഷയങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടാവും രാജ്യാന്തരദേശീയ പ്രതിഭകൾ അടങ്ങുന്ന പാനലിസ്റ്റുകൾ പങ്കെടുക്കുന്ന സെമിനാർ സംഘടിപ്പിക്കുന്നത്.

ലോകാരോഗ്യസംഘടനയുടെ മുൻ ചീഫ് സയന്റിസ്റ്റ് ഡോ. സൗമ്യ സ്വാമിനാഥൻ,ചരിത്രകാരൻ പ്രൊഫ.റോബിൻ ജെഫ്രി,മാഗ്സെസെ പുരസ്കാര ജേതാവ് ബേസ്വാദ വിൽസൺ,മുൻകേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ,സാമ്പത്തിക വിദഗ്ധരായ കെ.എം.ചന്ദ്രശേഖർ,ബാർബറ ഹാരിസ് വൈറ്റ്, റിട്ട. ഐ.എ.എസ് ഉദ്യോഗസ്ഥൻ ഡബ്ള്യൂ.ആർ.റെഡ്ഡി,ഡോ. എം.വി.പിള്ള,ഡോ.കെ.ശ്രീനാഥ് റെഡ്ഡി,രാജ്യാന്തരലേബർ സംഘടനാ പ്രതിനിധികളായ സയ്ദ് സുൽത്താൻ അഹമ്മദ്,സുക്തി ദാസ്ഗുപ്ത എന്നിവരടങ്ങുന്ന രാജ്യാന്തര പ്രശസ്തർ സെമിനാറുകളിലെ വിവിധ സെഷനുകളിൽ പങ്കെടുക്കും.

കേരളത്തിന്റെ ഭാവിക്കുവേണ്ട സാമ്പത്തിക ബദലുകൾ,കേരളത്തിന്റെ സമ്പദ്ഘടന,മഹാമാരികളെ കേരളം അതിജീവിച്ചത് എങ്ങനെ,മാറുന്ന കാലത്തെ ബഹുസ്വരതയും സാംസ്കാരിക വൈവിധ്യങ്ങളും തുടങ്ങി കേരളസമൂഹത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് അകത്തുനിന്നും പുറത്തുനിന്നുമുള്ള കാഴ്ചപ്പാടുകളാണ് സെമിനാറുകളിൽ അവതരിപ്പിക്കുന്നത്. അഞ്ചു വ്യത്യസ്ത വേദികളിൽ നടക്കുന്ന സെമിനാറുകൾക്കു നേതൃത്വം നൽകുന്നത് 25 സർക്കാർ വകുപ്പുകളാണ്. നിയമസഭാ ഹാൾ, ടാഗോർ തിയറ്റർ, ജിമ്മി ജോർജ് സ്റ്റേഡിയം, മാസ്കറ്റ് ഹോട്ടൽ, സെൻട്രൽ സ്റ്റേഡിയം എന്നീ വേദികളിലാവും സെമിനാർ നടക്കുക.

# പി.എം കിസാൻ സമ്മാൻ നിധി പദ്ധതി: ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം

**തിരുവനന്തപുരം:** പി.എം കിസാൻ പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി സെപ്റ്റംബർ 30 നകം പദ്ധതി ഗുണഭോക്താക്കൾ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ അറിയിച്ചു. ഇകെ.വൈ.സി പൂർത്തിയാക്കുന്നതിന് പി.എം കിസാൻ പോർട്ടൽ അക്ഷയ, സി.എസ്.സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ, കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുള്ള ആൻഡ്രോയിഡ് അപ്ലിക്കേഷൻ വഴി ചെയ്യാം. ആധാർ കാർഡ്, മൊബൈൽ ഫോൺ എന്നിവ ഇതിനായി കൈയിൽ കരുതണം. സെപ്റ്റംബർ 30 വരെ അക്ഷയ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്.

ഭൂരേഖകൾ പി.എം കിസാൻ പോർട്ടലിൽ ബന്ധിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന്റെ റെലിസ് പോർട്ടലിൽ, ഭൂമി വിവരങ്ങൾ ഉള്ളവർ കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ നേരിട്ടോ അക്ഷയ/പൊതുസേവന കേന്ദ്രങ്ങൾ വഴിയോ അടിയന്തരമായി ചേർക്കണം. റെലിസ് പോർട്ടലിൽ ഭൂമി സംബന്ധിച്ച് വിവരങ്ങൾ ഇല്ലാത്തവർ ഭൂമി വിവരങ്ങൾ ലഭ്യമാണെങ്കിലും ഇതുവരെ ഓൺലൈൻ സ്ഥലവിവരം നൽകാൻ കഴിയാത്തവർ അപേക്ഷയും 201819 ലെയും നിലവിലെയും കരമടച്ച രസീതും നേരിട്ട് കൃഷിഭവനിൽ നൽകി ഭൂമി സംബന്ധിച്ച് വിവരങ്ങൾ പി.എം കിസാൻ പോർട്ടലിൽ നൽകണം. ഫോൺ: 1800 425 1661, 0471 2304022, 0471 2964022.

## മന്ദഹാസം പദ്ധതിയിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 60 വയസ് കഴിഞ്ഞ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര വെക്കുന്നതിന് ധനസഹായം നൽകുന്ന മന്ദഹാസം പദ്ധതിയിലേക്ക് അപേക്ഷിക്കാം. സുനീതി പോർട്ടൽ മുഖേനയാണ് അപേക്ഷകൾ സ്വീകരിക്കുക. മൊബൈൽ നമ്പർ നൽകി പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. അർഹരായ ഗുണഭോക്താക്കൾക്ക് ദന്തനിര വെച്ച് നൽകുകയും ബന്ധപ്പെട്ട ആശുപത്രികൾക്ക് ജില്ലാ ഓഫീസർമാർ മുഖേന തുക നൽകുകയും ചെയ്യും. റേഷൻ കാർഡ് ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന രേഖ, യോഗ്യത നേടിയ ഡെന്റിസ്റ്റ് നൽകിയ നിശ്ചിത ഫോറത്തിലുള്ള അനുയോജ്യതാ സർട്ടിഫിക്കറ്റ്, വയസ് തെളിയിക്കുന്ന രേഖ (ആധാർ/ഇലക്ഷൻ ഐ.ഡി/സ്കൂൾ സർട്ടിഫിക്കറ്റ്/മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്), മുതിർന്നവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ താമസിക്കുന്ന വ്യക്തികൾ വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റിയൂഷൻ സർട്ടിഫിക്കറ്റ്, സ്ഥാപനത്തിൽ താമസിച്ചുവരുന്ന വ്യക്തിയാണെന്ന് തെളിയിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവയും അപേക്ഷയോടൊപ്പം നൽകണം. ഫോൺ: 0491 2505791

# കടയ്ക്കലിൽ ഹെറിറ്റേജ് സൈറ്റ്, പാർക്കുകളിൽ മാറ്റങ്ങൾ



**കൊല്ലം:**ജില്ലയിലെ ടൂറിസം എന്നാൽ അഷ്ടമുടിക്കായലും തെന്മലയുമൊക്കെയാവും ഒരു സഞ്ചാരിയുടെ മനസ്സിലേക്ക് ആദ്യം ഓടി വരുന്ന സ്ഥലങ്ങൾ. എന്നാൽ അതിനുമപ്പുറം ജില്ലയിലെ ടൂറിസം വളർത്താനുള്ള ശ്രമത്തിലാണു കൊല്ലം ഡിടിപിസി.അതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ഉടൻ നടപ്പാക്കുകയുമാണ് ലക്ഷ്യം.

കടയ്ക്കൽ വിപ്ലവ സ്മാരകം, കടയ്ക്കൽ ക്ഷേത്രം, മറ്റിടം പാറ എന്നിവ ചേർത്തു കടയ്ക്കലിനെ ഒരു ഹെറിറ്റേജ് ടൂറിസം കേന്ദ്രമാക്കി മാറ്റുന്നത്താണു !ഡിടിപിസിയുടെ ഏറ്റവും പുതിയ പദ്ധതി. കടയ്ക്കൽ ഗ്രാമപ്പഞ്ചായത്തുമായി ചേർന്നാണു പദ്ധതി നടപ്പിലാക്കുക. ഇതിനായുള്ള പ്രാഥമിക പഠനം പൂർത്തിയായി. വിശദമായ പഠനത്തിനു ശേഷം ഒരോ കേന്ദ്രങ്ങളിലും ആവശ്യമായ വികസനം നടപ്പാക്കി കടയ്ക്കലിനെ വിനോദസഞ്ചാര മേഖലയാക്കി മാറ്റുകയാണ് ലക്ഷ്യം. ജില്ലയുടെ അധികമാരുമറിയാത്ത ചരിത്രവും സംസ്കാരവും പ്രകൃതി ഭംഗിയും അടുത്തറിയാനും ആസ്വദിക്കാനും ഇതുവഴി സാധിക്കുമെന്നാണ് പ്രതീക്ഷ.

പുത്തൻ റൈഡുകളും ആക്ടിവിറ്റികളും വന്നതോടെ ആശ്രാമത്തെ അഡ്വഞ്ചർ പാർക്കിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നത്. ഓണക്കാലത്തു വരുമാനത്തിൽ 50% വർധനയുണ്ടായി. എയർ ബലൂണും ടോയ് ട്രെയിനും വാട്ടർ സോർബിങ്ങുമൊക്കെയായി യുവാക്കൾക്കു മാത്രമല്ല കുട്ടികൾക്കും മുതിർന്നവർക്കും സ്വീകാര്യമായി മാറി. പാർക്കിൽ സിപ്പ്ലൈൻ സ്കൈ സൈക്ലിങ്,ട്രീ സർഫിങ്, ബുൾ റൈഡ് തുടങ്ങിയ 15 പുതിയ ആക്ടിവിറ്റികൾ അടുത്ത മാസം മുതൽ തുടങ്ങാനാണ് തീരുമാനം. ഇതുവഴി ഒട്ടേറെ വിനോദസഞ്ചാരികളെ ആകർഷിക്കാനും കേരളത്തിലെ തന്നെ മികച്ച സാഹസിക സ്പോട്ടാക്കി മാറ്റാനുമാണ് പദ്ധതി.

ചിൽഡ്രൻസ് പാർക്കിന്റെ ശോച്യാവസ്ഥയ്ക്കും ഉടൻ പരിഹാരമാകുമെന്നു ഡിടിപിസി അധികൃതർ പറയുന്നു. പാർക്കിൽ പുതിയ റൈഡുകളും മറ്റു സൗകര്യങ്ങളും ഒരുക്കാനുള്ള തയാറെടുപ്പുകൾ പുരോഗമിക്കുകയാണ്. കരാർ നടപടികൾ പൂർത്തിയാക്കി എത്രയും പെട്ടെന്നു പാർക്കിന്റെ മേക്ക് ഓവർ നടത്താനാണു പദ്ധതി.

ടൂറിസം ദിനത്തോടനുബന്ധിച്ച് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടൂറിസം ക്ലബ്ബുകൾ സജീവമാക്കാനൊരുങ്ങുകയാണു ഡിടിപിസി. ടൂറിസം ക്ലബ്ബുകളിൽ അംഗങ്ങളായ വിദ്യാർഥികൾക്കു വിനോദ സഞ്ചാര മേഖലയിലെ സാധ്യതകളെക്കുറിച്ചറിയാൻ അവസരമുണ്ടാക്കും. ഇതിനായി പ്രത്യേക പരിശീലനവും യാത്രകളും ഒരുക്കും. ഇതുകൂടാതെ ടൂറിസം പഠിച്ചിറങ്ങിയ വിദ്യാർഥികളെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം ട്രെയിനികളായി നിയമിക്കുമെന്ന് ഡിടിപിസി സെക്രട്ടറി സി.വിജയ് രാജ് അറിയിച്ചു.

തിരമാലകൾ തല്ലിയലയ്ക്കുന്ന കടലിന്റെ മുകളിലൂടെ നടക്കാൻ ഇനി കോഴിക്കോട് ബേപ്പൂർ വരെ പോകേണ്ട. അങ്ങനെയൊരു ഫ്ലോട്ടിങ് ബ്രിജ് കൊല്ലത്തു വന്നാലോ? തങ്കശേരി ബ്രേക്ക് വാട്ടർ പാർക്കിൽ അത്തരമൊരു കടൽപാലം പണിയാൻ ഒരുങ്ങുകയാണ് ഡിടിപിസി. നിലവിൽ ലൈറ്റ് ഹൗസിനോടു ചേർന്നുള്ള പാർക്കിൽ കുട്ടികൾക്കുള്ള റൈഡുകളും ഭക്ഷണശാലകളും മാത്രമാണുള്ളത്.

ബ്രേക്ക് വാട്ടർ പാർക്കിന്റെ ഉദ്ഘാടന വേളയിൽ മന്ത്രി റിയാസ് പാർക്കിൽ ഫ്ലോട്ടിങ് ബ്രിജിന്റെ സാധ്യത ചൂണ്ടിക്കാണിച്ചിരുന്നു. മന്ത്രിയുടെ നിർദേശത്തിൽ ഫ്ലോട്ടിങ് ബ്രിജ് നിർമിക്കാനുള്ള ഇടവും ഡിടിപിസി കണ്ടെത്തിയിട്ടുണ്ട്

# അരൂർ തുറവൂർ ഉയരപ്പാത നിർമാണം പുരോഗമിക്കുന്നു

**തുറവൂർ:** അരൂർ തുറവൂർ ഉയരപ്പാത (എലിവേറ്റഡ് ഹൈവ)യുടെ നിർമാണ പ്രവർത്തനങ്ങൾ മഴയും വെയിലും അവഗണിച്ചും തുടരുന്നു. അരൂർ തുറവൂർ 12.75 കിലോമീറ്ററിൽ 60 തൂണുകളുടെ പില്ലറുകൾ പൂർത്തിയായി. രാജ്യത്തെ ഏറ്റവും വലിയ ഉയരപ്പാതയായ അരൂർ തുറവൂർ പായിൽ 353 തൂണുകളാണ് നിർമിക്കുന്നത് ഇതിന് മുകളിലായി 24 മീറ്റർ വീതിയിൽ നാലുവരിപ്പാത ഒരുങ്ങുന്നത്. ഉയരപ്പാതയുടെ നിർമാണത്തിനായി 1668.50 കോടി രൂപയാണ് ചെലവ്.

അരൂർ മുതൽ തുറവൂർ വരെ 353 തൂണുകളിൽ ഒരു തൂണിന് 8 പില്ലറുകൾ ആവശ്യമാണ്. 12.75 കിലോമീറ്റർ പാതയിൽ തൂണുകൾക്ക് സ്ഥാപിക്കുന്നത് 2984 പില്ലറുകൾ താഴ്ത്തണം. ഭൂമി തുരന്ന് പില്ലറുകൾ താഴ്ത്താൻ പത്തോളം യന്ത്രങ്ങളാണുള്ളത്. പാതയിലെ ഗതാഗത പ്രശ്നങ്ങളും.

ആലപ്പുഴ-എറണാകുളം ജില്ലയുടെ അതിർത്തിയായതിനാൽ ഗതാഗതം വഴി തിരിച്ചുവിടുന്നത് സംബന്ധിച്ച് ഇന്നലെ കൊച്ചിയിൽ ജില്ലാകലക്ടറുടെ സാന്നിധ്യത്തിൽ യോഗം കരാർ ഏറ്റെടുത്തിരിക്കുന്ന അശോക് ബിൽകോൺ കമ്പനി അധികൃതരും മോട്ടർ വാഹന വകുപ്പും യോഗം ചേർന്നിരുന്നു. പാതയുടെ ഇരുവശങ്ങളിലുമായി അധികമായി ഏറ്റെടുത്ത ഒരു മീറ്റർ വരുന്ന ഭാഗം ടാർ ചെയ്യുന്നതിനായി ജോലികൾ നടക്കുകയാണ്. എന്നാൽ ഇടയ്ക്കു പെയ്യുന്ന മഴ മൂലം ജോലികൾ ആരംഭിച്ചിട്ടില്ല.



## ഡിഎൽ.എഡ് അഭിമുഖം 30 ന്

**കോഴിക്കോട്:** ജില്ലയിലെ ഗവ. ടി.ടി.ഐകളിലെ 202325 വർഷത്തെ ഡിഎൽ.എഡ് പ്രവേശനത്തിനായി ഹ്യുമാനിറ്റീസ്, കോമേഴ്സ് വിഷയങ്ങളിലെ അഭിമുഖം സെപ്റ്റംബർ 30 ശനിയാഴ്ച കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽ നടക്കും. സെപ്റ്റംബർ 19ന് നിപ്പ നിയന്ത്രണങ്ങളെ തുടർന്ന് മാറ്റിവെച്ചതായിരുന്നു. പുതുക്കിയ സമയക്രമം www.kozhikoded-de.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഗതാഗതം നിരോധിച്ചു

**കോഴിക്കോട്:** കിഫ്ബി പദ്ധതിയിൽപ്പെട്ട മണാശ്ശേരിപുൽപ്പറമ്പ്കൊടിയത്തൂർചുള്ളിക്കാപറമ്പ് റോഡ് നവീകരണവുമായി ബന്ധപെട്ട് കൊടിയത്തൂർ (കോട്ടമ്മൽ) മുതൽ സൗത്ത് കൊടിയത്തൂരിലെ ട്രാൻസ്ഫോർമർ വരെയുള്ള ഭാഗത്ത് സബ്ഗ്രേഡ് പ്രവൃത്തി നടക്കുന്നതിനാൽ ഒക്ടോബർ രണ്ട് മുതൽ ഏഴ് വരെ ഇതുവഴി ഗതാഗതം പൂർണമായി നിരോധിച്ചു. ഇതുവഴി പോകേണ്ട വാഹനങ്ങൾ സൗത്ത് കൊടിയത്തൂർമുറത്തുമൂലകാരകുറ്റി കൊടിയത്തൂർ വഴി പോവേണ്ടതാണെന്ന് കെആർഎഫ്ബി പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**രാജാക്കാട്**: സർക്കാർ ഐടിഐയിൽ പ്ലംബർ, അരിത്തമാറ്റിക്കം ഡ്രോയിങ് ഇൻസ്ട്രക്ടർ, എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ ഒഴിവുകളിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നു.പ്ലംബർ തസ്തികയിൽ സിവിലിലോ മെക്കാനിക്കലിലോ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ അല്ലെങ്കിൽ എൻടിസി അല്ലെങ്കിൽ എൻഎസി,മൂന്നുവർഷത്തെ പ്രവർത്തിപരിചയവുമാണ് യോഗ്യത.

അരിത്തമാറ്റിക്കം ഡ്രോയിങ് ഇൻസ്ട്രക്ടർ തസ്തികയിൽ സിവിലിലോ മെക്കാനിക്കലോ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ അല്ലെങ്കിൽ എൻടിസി അല്ലെങ്കിൽ എൻഎസി, മൂന്നുവർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത.

എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ തസ്തികയിൽ എംബിഎ അല്ലെങ്കിൽ ബിബിഎ അല്ലെങ്കിൽ ഏതെങ്കിലും ബിരുദമോ അല്ലെങ്കിൽ ഡിപ്ലോമയോ അഭികാമ്യം. രണ്ടു വർഷത്തെ പ്രവൃത്തി പരിചയം, ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ, ബേസിക് കമ്പ്യൂട്ടർസ്കിൽ ഇവ നിർബന്ധം.

ഇന്റർവ്യു സെപ്റ്റംബർ 30 ന് രാവിലെ 10 ന് നടക്കും. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പകർപ്പ് എന്നിവ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം.. കൂടുതൽ വിവരങ്ങൾക്ക് 04868241813, 98955707399.

## വനിതാ കാറ്റിൽ കെയർ നിയമനം

നെടുങ്കണ്ടം: ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ വനിതാ കാറ്റിൽ കെയർ തസ്തികയിലേക്ക് അപേക്ഷിക്കാം. കരാർ അടിസ്ഥാനത്തിലാണ് നിയമനം.അപേക്ഷകർ 18 നും 45 നും ഇടയിൽ പ്രായമുള്ളവരും കുറഞ്ഞത് പത്താം ക്ലാസ് വിജയിച്ചവരുമായിരിക്കണം. ക്ഷീരസഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള വനിതകൾക്ക് മുൻഗണന ഉണ്ടാകും. വിമൺ ക്യാറ്റിൽ കെയർ വർക്കർ ആയി മുൻപ് സേവനം അനുഷ്ഠിച്ചവർക്ക് ആ സേവനകാലയളവ് പ്രായപരിധിയിൽ ഇളവ് അനുവദിക്കും. വകിട്ട് 5 മണി . കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 222099.

# സ്വദേശ് ദർശൻ 2.0 കുമരകത്ത് പുതിയ ടൂറിസം സാധ്യതകൾ തുറക്കുന്നു



**കുമരകം:** പുതിയ ടൂറിസം സാധ്യതകൾ തുറന്നിട്ട് വേമ്പനാട്ട് കായൽ തീരത്തെ നാലുപങ്ക് ബോട്ട് ടെർമിനൽ. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നാലുപങ്ക് ബോട്ട് ടെർമിനൽ സഞ്ചാരികൾക്കായി ഒരുക്കാനാണു നീക്കം. പദ്ധതിയുടെ രൂപ രേഖ കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം യോഗം നടന്നിരുന്നു.

നാലുപങ്ക് ബോട്ട് ടെർമിനലിനൊപ്പം കുമരകത്തെ പക്ഷിസങ്കേതം, കൈപ്പുഴമുട്ടിലെ ബോട്ട് ടെർമിനൽ, ചീപ്പുങ്കലിലെ കായൽ പാർക്ക് എന്നീ പദ്ധതികളാണ് ആദ്യഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വർഷങ്ങളായി ഈ പദ്ധതികളൊന്നും നടപ്പാകാതെ കിടക്കുകയാണ്. സ്വദേശ് ദർശൻ പദ്ധതിയിലൂടെ ഈ പ്രദേശങ്ങൾ സഞ്ചാരികൾക്കായി ഒരുക്കുകയാണ് ലക്ഷ്യം.

കുമരകത്തിന്റെ വടക്ക് നിന്ന് തെക്കൻ മേഖലയിലേക്കു വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനു നാലുപങ്ക് ബോട്ട് ടെർമിനൽ ഉപകരിക്കും. സംസ്ഥാന ടൂറിസം വകുപ്പ് പൂർത്തിയാക്കിയ പദ്ധതി പിന്നീട് പഞ്ചായത്തിനു കൈമാറിയെങ്കിലും പ്രവർത്തനം തുടങ്ങിയില്ല. ഉദ്ഘാടനം കഴിഞ്ഞു മൂന്നു വർഷമാകാറായിട്ടും ടെർമിനലിൽ ഒരു ഹൗസ് ബോട്ട് പോലും അടുത്തിട്ടില്ല. ടൂറിസം വകുപ്പ് 3.8 കോടി രൂപ ചെലവഴിച്ചാണു പദ്ധതി നടപ്പാക്കിയത്. നിലവിൽ കുമരകത്ത് ഹൗസ് ബോട്ട് പാർക്ക് ചെയ്യുന്നതിനു ടെർമിനലുകളില്ല . ബോട്ട് ജെട്ടി, കവണാറ്റിൻകര എന്നിവിടങ്ങളിൽ ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണു ഹൗസ് ബോട്ട് അടുക്കുന്നത്.2016ൽ സർക്കാർ അനുമതി കിട്ടിയ ബോട്ട് ടെർമിനലിന്റെ നിർമാണം പിന്നീട് പല കാരണങ്ങളാൽ മുടങ്ങി. കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിനു മുൻപു തിടുക്കം കൂട്ടി ഉദ്ഘാടനം നടത്തി എന്ന് മാത്രം. 40 ഹൗസ് ബോട്ടുകൾക്കു ഒരേ സമയം പാർക്ക് ചെയ്യാൻ കഴിയും എന്നതാണ് പ്രത്യേകത.

കായൽ മനോഹാരിത ആസ്വദിക്കാൻ വാച്ച് ടവർ, സഞ്ചാരികൾക്കായി വിശ്രമ കേന്ദ്രം, കോഫി ഷോപ്പ്, റസ്റ്ററന്റ് ശുചിമുറികൾ എന്നിവയായിരുന്നു പദ്ധതി രൂപരേഖയിൽ ഉണ്ടായിരുന്നത്. ഇവയ്ക്കൊപ്പം മറ്റു ചില വികസന പദ്ധതികൾ കൂടി ചേർത്തു രൂപരേഖ തയാറാക്കി നടപ്പാക്കുകയാണ് ലക്ഷ്യം.

കവണാറ്റിൻകര പക്ഷി സങ്കേതത്തിനു അടിസ്ഥാന സൗകര്യങ്ങളില്ല. പക്ഷി സങ്കേതത്തിനു ചുറ്റും സംരക്ഷണ വേലി കെട്ടിയും സഞ്ചാരികൾക്കു സുരക്ഷിതമായി നടന്നു പോകുന്നതിനു നാടപ്പാതയും നിലിവിലെ വാച്ച് ടവറുകൾ സംരക്ഷിച്ച് ഉപയോഗപ്പെടുത്തുകയോ പുതിയവ സ്ഥാപിക്കുകയോ ചെയ്താൽ മാത്രമേ വിനോദ സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കാൻ കഴിയൂ. പക്ഷിസങ്കേതത്തിലെ ഇടത്തോടുകൾ സംരക്ഷിച്ച് ഇവിടെ മത്സ്യങ്ങളെ വളർത്തിയാൽ അതും സഞ്ചാരികളെ ആകർഷിക്കും. വർഷങ്ങളായി പക്ഷിസങ്കേതം എന്ന വിളക്കപ്പെടുന്നുണ്ടെങ്കിലും ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല

അയ്മനം പഞ്ചായത്തിലെ ചീപ്പുങ്കൽ ഭാഗത്തെ കായൽ പാർക്ക് പദ്ധതി എങ്ങുമെത്താതെ കിടക്കുകയാണ്. നേരത്തെ ചില പദ്ധതികൾ നടപ്പാക്കിയെങ്കിലും സഞ്ചാരികൾക്കു പ്രയോജനപ്പെട്ടില്ല. സംസ്ഥാന ടൂറിസം വകുപ്പ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു നടപടി എടുത്തിരുന്നെങ്കിലും കാര്യമായി മുന്നോട്ട് പോയില്ല.കുമരകത്ത് എത്തുന്ന വിനോദ സഞ്ചാരികൾക്ക് ഉൾപ്പെടെ ഈ പാർക്ക് പ്രയോജനപ്പെടുത്താനാകും .

ആർപ്പൂക്കര പഞ്ചായത്തിലെ കൈപ്പുഴമുട്ട് ഭാഗത്ത് നിലവിൽ ഹൗസ് ബോട്ടുകൾ അടുക്കുന്നുണ്ടെങ്കിലും സ്ഥിരമായ സംവിധാനങ്ങളില്ല. നൂറുകണക്കിനു സഞ്ചാരികളാണു ഇവിടെ നിന്നു കായൽ യാത്രയ്ക്ക് പോകുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ഇവിടെ എത്തുന്ന സഞ്ചാരികളെ ബുദ്ധിമുട്ടിലാക്കുന്നു.

# ഭാരതീയ ക്രൈസ്തവർക്ക് സംവരണം അനുവദിക്കണം: നാഷണൽ പ്രോഗ്രസീവ് പാർട്ടി




എറണാകുളം, കലൂർ റിന്യൂവൽ സെന്ററിൽ നടന്ന നാഷണൽ പ്രോഗ്രസീവ് പാർട്ടി(എൻ.പി.പി) സംസ്ഥാന നേതൃസംഗമം പാർട്ടി ചെയർമാൻ വി.വി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. ജോയി എബ്രാഹം, കെ.ഡി ലൂയിസ്, തമ്പി എരുമേലിക്കര, ടോണി ചിറ്റിലപ്പള്ളി, സെബാസ്റ്റ്യൻ വടശ്ശേരി, തോമസ് മാത്യു, ജെയ്സൺ ജോൺ, അഡ്വ.എലിസബത്ത് കടവൻ, അഡ്വ. റസൽ ജോയി തുടങ്ങിയവർ സമീപം

**കൊച്ചി:** ഭാരതീയ ക്രൈസ്തവർക്ക് സംവരണം അനുവദിക്കണമെന്ന് നാഷണൽ പ്രോഗ്രസീവ് പാർട്ടി(എൻ.പി.പി) സംസ്ഥാന നേതൃസംഗമം പ്രമേയത്തിലൂടെ കേന്ദ്ര,സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. ഭാരതത്തിലെ 2.32 ശതമാനം വരുന്ന മൈക്രോ ന്യൂനപക്ഷമായ ഭാരതീയ ക്രൈസ്തവർ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലാണ്.

രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കേന്ദ്ര,സംസ്ഥാന സർക്കാരുകൾ തുടരുന്നു അലംഭാവം അവസാനിപ്പിക്കണമെന്നും കലൂർ റിന്യൂവൽ സെന്ററിൽ നടന്ന സംസ്ഥാന നേതൃസംഗമം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

രാജ്യത്തെ സാധാരണക്കാരായ കർഷകരുടെയും ചെറുകിട കച്ചവടക്കാരുടെയും മത്സ്യതൊഴിലാളികളുടെയും ഉന്നമന ലക്ഷ്യമിട്ടാണ് എൻ.പി.പി നിലകൊള്ളുന്നതെന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് പാർട്ടി ചെയർമാൻ വി വി അഗസ്റ്റിൻ പറഞ്ഞു. ക്രൈസ്തവ,ഹൈന്ദവ കൂട്ടായ്മ രാജ്യത്ത് വളർന്നു വരേണ്ടത് അനിവാര്യമാണെന്നും വി വി അഗസ്റ്റിൻ ചൂണ്ടിക്കാട്ടി.

എൻ.പി.പി രൂപീകരണ വേളയിൽ പലരും പാർട്ടിയിലേക്ക് ചില പ്രത്യേക ഉദ്ദേശത്തോടെയാണ് ആവേശത്തോടെ വന്നത്. എന്നാൽ അവരുടെ താൽപര്യങ്ങൾ നടക്കാതെ വന്നതോടെ അവർ പാർട്ടി വിട്ടുപോയി. അവർ പോയത് പാർട്ടിയെ ഒരു തരത്തിലും ബാധിച്ചിട്ടില്ലെന്നും മറിച്ച് ഗുണം മാത്രമെ പാർട്ടിയ്ക്ക് ഉണ്ടായിട്ടുള്ളുവെന്നും വി വി അഗസ്റ്റിൻ പറഞ്ഞു. എൻ.പി.പി നിലവിൽ ഒരു മുന്നണിയുടെ ഭാഗമായിട്ടില്ല. തിരഞ്ഞെടുപ്പ് സമയത്ത് പാർട്ടി മുന്നോട്ടുവെയ്ക്കുന്ന ആവശ്യങ്ങൾ അംഗീകരിക്കുന്നവരെ തങ്ങളും പിന്തുണയ്ക്കും. നിലവിൽ 14 ജില്ലകളിലും പാർട്ടി കമ്മിറ്റികൾ രൂപീകരിച്ചു. ഉടൻ തന്നെ കോഴിക്കോട്, കൊല്ലം ജില്ലകളിലും സമ്മേളനം നടത്തുമെന്നും വി വി അഗസ്റ്റിൻ പറഞ്ഞു. പാർട്ടി വൈസ് ചെയർമാൻ കെ.ഡി ലൂയിസ് അധ്യക്ഷത വഹിച്ചു. ക്രൈസ്തവ ന്യൂനപക്ഷങ്ങളും കേരള രാഷ്ട്രീയവും എന്ന വിഷയത്തിൽ സീറോ മലബാർ സഭ ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ടോണി ചിറ്റിലപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. പാർട്ടി ജനറൽ സെക്രട്ടറിമാരായ അഡ്വ.ജോയ് എബ്രാഹം, തമ്പി എരുമേലിക്കര, സൺ ഇന്ത്യ വൈസ് പ്രസിഡന്റ് തോമസ് മാത്യു, പാർട്ടി സംസ്ഥാന ട്രഷറർ അഡ്വ.എലിസബത്ത് കടവൻ, യുത്ത് ഫോറം സംസ്ഥാന കൺവീനർ ജെയ്സൺ ജോൺ, എറണാകുളം ജില്ലാ പ്രസിഡന്റ് സെബാസ്റ്റ്യൻ വടശ്ശേരി, അഡ്വ.സാബു ജോൺ, ജോസ് ഇടശേരി, അഡ്വ. റസൽ ജോയി തുടങ്ങിയവർ സംസാരിച്ചു

## ഗവൺമെന്റ് കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമിക്കാൻ 20.25 കോടിയുടെ അനുമതി

**ആലപ്പുഴ:** അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമിക്കാൻ 20.25 കോടി രൂപയുടെ അനുമതിയായി.

30,000 ചതുരശ്ര അടിയിൽ പി.ജി. ബ്ലോക്ക്, 14,000 ചതുരശ്ര അടിയിൽ ലേഡീസ് ഹോസ്റ്റൽ ഉൾപ്പടെ 44,000 ചതുരശ്ര അടിയിലാണ് പുതിയ 3 നില കെട്ടിടം നിർമിക്കുന്നത്. കിഫ്ബിയിൽ നിന്നാണ് തുക അനുവദിച്ചത്. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് (കെ.എസ്.ഐ.ടി.ഐ.എൽ.) നിർമാണ ചുമതല.

നിലവിലുള്ള കോളേജ് സമുച്ചയത്തിന്റെ തെക്കുഭാഗത്തായാണ് പുതിയ ബ്ലോക്ക് നിർമിക്കുന്നത്.

നിർമാണവുമായി ബന്ധപ്പെട്ട് ഡി.പി. ആറി.ന്റെ അന്തിമ രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി കോളേജിൽ ചേർന്ന യോഗത്തിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനായി.

കിറ്റ്കോ പ്രോജക്റ്റ് എഞ്ചിനീയർ രഞ്ജിത്ത് ഗോപിനാഥ്, കെ.എസ്.ഐ.ടി.ഐ.എൽ. പ്രോജക്റ്റ് എഞ്ചിനീയർ എസ്. ശേഷാദ്രി, കോളേജ് പ്രിൻസിപ്പാൾ ഡോ.ആർ.ജി. അഭിലാഷ് കുമാർ, കിഫ്ബി അപ്രൈസർ വിങ് അധികൃതർ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു



# പുഞ്ചക്കൃഷിക്ക് ഒരുക്കങ്ങൾ തുടങ്ങി

**കുമരകം:** അപ്പർ കുട്ടനാടൻ മേഖലയിൽ പുഞ്ചക്കൃഷിക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. അടുത്ത മാസം പകുതിയോടെ വിത തുടങ്ങാനാണു തീരുമാനം. വെള്ളം കയറ്റിയിട്ട പാടശേഖരങ്ങളിലെ പോളയും പുല്ലും നീക്കം ചെയ്തു. തുടർന്നു മോട്ടർ ഉറപ്പിക്കുന്ന ജോലികളും തുടങ്ങി. ചില പാടശേഖരങ്ങളിൽ പമ്പിങ് ആരംഭിച്ചു. ഇടയ്ക്കിടെ പെയ്യുന്ന മഴ കർഷകരെ ആശങ്കയിലാഴ്ത്തുന്നു.

മിക്ക പാടശേഖരങ്ങളുടെയും പുറം ബണ്ട് ശക്തമല്ല. പുറം ബണ്ട് ബലപ്പെടുത്തുന്നതിനു പാടശേഖര സമിതിക്കു വൻ ചെലവാണുണ്ടാകുന്നത്. ഈ വർഷം 15,000 ഹെക്ടർ സ്ഥലത്തെങ്കിലും പുഞ്ചക്കൃഷി ഇറക്കിയേക്കും. കൃഷിയുടെ തുടക്കത്തിൽ തന്നെ നല്ലൊരു തുക കർഷകർ മുടക്കണം. മിക്ക പാടശേഖരങ്ങളിലും ചെറിയ ആമ്പലും കാക്കപോളയും പുല്ലും തഴച്ചു വളർന്നു.

ഒരേക്കറിൽ 10,15 പുരുഷ തൊഴിലാളികളെ ഇറക്കിയാണു ഇവ നീക്കം ചെയ്യുന്നത്. പ്രതിദിനം കുറഞ്ഞത് 1000 രൂപയാണ് കൂലി. തുടക്കത്തിൽ തന്നെ ഏക്കറിനു 15,000 രൂപ കർഷകർ ചെലവഴിക്കേണ്ടി വരുന്നു. നവംബർ 15നകം വിത പൂർത്തിയാക്കണം എന്നാണു നിർദേശം. തുലാമഴ ശക്തമായാൽ വിത വൈകുന്ന സ്ഥിതിയുണ്ടാകും.

പുഞ്ചക്കൃഷിക്കുള്ള നെൽവിത്ത് ക്ഷാമം പരിഹരിക്കാൻ കൃഷിവകുപ്പ് നടപടി എടുക്കണമെന്നാണു കർഷകരുടെ ആവശ്യം.

നാഷനൽ സീഡ്സ് കോർപറേഷനാണു ഈ മേഖലയിൽ നെൽവിത്തു കർഷകർക്ക് നൽകുന്നത്. നെൽവിത്ത് വേണ്ടവർ നേരത്തെ തന്നെ ബുക്ക് ചെയ്യണമെന്നു നിർദേശം നൽകിയിരുന്നെങ്കിലും പല കർഷകർക്കും സാധിച്ചില്ല.

കൃഷിഭവനിൽ നിന്നു പെർമിറ്റ് വാങ്ങി നെൽവിത്ത് വിതരണം ചെയ്യുന്ന സഹകരണ ബാങ്കുകളിലോ പാടശേഖര സമിതി ഭാരവാഹികളെയോ ഏൽപ്പിക്കാനായിരുന്നു നിർദേശം.

പെർമിറ്റ് വാങ്ങി നൽകുന്ന കർഷകർക്കു മാത്രമേ സബ്സിഡിയും ലഭിക്കൂ. നേരത്തെ ബുക്ക് ചെയ്ത കർഷകർക്കു മാത്രമേ ഇത്തവണ നെൽവിത്ത് കിട്ടാൻ സാധ്യതയുള്ളൂ എന്നാണ് അറിയുന്നത്.

പകുതിയിലേറെ കർഷകർക്കും നിശ്ചിത തീയതിക്കകം പെർമിറ്റ് നൽകാൻ കഴിയാതെ വന്നു.

## നാടൻ ഭക്ഷ്യ വിളകളുടെ പ്രദർശന തോട്ടം തുടങ്ങി

**അമ്പലവയൽ** : രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെയും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ശ്രീ പദ്ധതിയുടെയും നേതൃത്വത്തിൽ നെല്ലാറച്ചാലിൽ നാടൻ ഭക്ഷ്യ വിളകളുടെ സംരക്ഷണപ്രദർശന തോട്ടവും നഴ്സറിയും ആരംഭിച്ചു. ആർജിസിബി ഡയറക്ടർ പ്രഫ. ചന്ദ്രഭാസ് നാരായണ ഉദ്ഘാടനം ചെയ്തു.

അന്യം നിന്നു കൊണ്ടിരിക്കുന്ന പരമ്പരാഗത കിഴങ്ങ് വർഗങ്ങൾ, ഫലവർഗങ്ങൾ, മറ്റു വിളയിനങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും അവ പൊതുസമൂഹത്തിനു ലഭ്യമാകണമെന്ന ലക്ഷ്യത്തോടെയുമാണ് പദ്ധതി ആരംഭിച്ചത്. നെല്ലാറ പട്ടിക വർഗ കർഷക സംഘത്തിന്റെ പങ്കാളിത്തത്തോടെ തയാറാക്കിയ നെല്ലാറ നാടൻ ഭക്ഷ്യവിള നഴ്സറിയിൽ വിവിധയിനത്തിൽപെട്ട 23 ലധികം കാച്ചിലുകൾ, കാട്ടു കിഴങ്ങുകൾ, വിവിധ ഇനത്തിൽപ്പെട്ട ചേമ്പ്, വാഴ, മഞ്ഞൾ, മരച്ചീനി, നാടൻ ഫലവർഗങ്ങൾ എന്നിവയുണ്ട്. ഓരോ ഇനത്തിന്റെയും പ്രാദേശിക നാമവും ശാസ്ത്രീയ നാമവും രേഖപ്പെടുത്തിയിട്ടുണ്ട്.

## സ്കിൽ ഷെയർ പ്രൊജക്ടുമായി എസ്.എസ്.കെ

**കോഴിക്കോട്:** വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ആർജിച്ച നൈപുണികൾ സമൂഹവുമായി പങ്കുവെക്കുന്നതിനായി സ്കിൽഷെയർ പദ്ധതിയുമായി സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ). പഠനത്തിന്റെ ഭാഗമായി നേടുന്ന അറിവുകൾ, ശേഷികൾ, മനോഭാവം എന്നിവ പ്രയോഗവത്കരിക്കുക, സമൂഹത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക, വിദ്യാർത്ഥികൾക്ക് യഥാർത്ഥ തൊഴിൽ സാഹചര്യങ്ങൾ അനുഭവഭേദ്യമാക്കുക എന്നിവയെല്ലാം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രാദേശിക സവിശേഷതകൾ പരിഗണിച്ച് കുട്ടികൾ തയ്യാറാക്കുന്ന പ്രൊജക്ടുകൾ ജില്ലാതലത്തിൽ അവതരിപ്പിക്കും. ഈ പ്രോജക്ടുകളിൽ ഏറ്റവും മികച്ച അഞ്ചെണ്ണം കണ്ടെത്തി അവ നടപ്പിലാക്കാനുള്ള ഫണ്ട് വിദ്യാലയങ്ങൾക്ക് അനുവദിക്കും. തെരഞ്ഞെടുത്ത ഓരോ പ്രോജക്ടിനും 50,000 രൂപ വീതം നൽകുമെന്നും മൂന്ന് മാസമായിരിക്കും പ്രോജക്ടിന്റെ കാലാവധിയെന്നും എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ ഡോ. എ.കെ. അബ്ദുൾഹക്കീം പറഞ്ഞു. പ്രൊജക്ടുകളുടെ ജില്ലാതല അവതരണം സെപ്റ്റംബർ 29ന് ജില്ലാ പഞ്ചായത്ത് ഹാളിൽ പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്യും.

# രാജ്യത്തെ മികച്ച ടൂറിസം വില്ലേജ് പുരസ്കാരം കാന്തല്ലൂരിന്

**മറയൂർ:** കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് ടൂറിസം വില്ലേജ് മത്സരത്തിൽ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ! പഞ്ചായത്ത് ഗോൾഡ് അവാർഡ് നേടിയത് കേരള ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ട്രീറ്റ് പദ്ധതി വിജയകരമായി ഏറ്റെടുത്ത് നടപ്പാക്കിയതിലൂടെ. ടൂറിസത്തിലൂടെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ നടത്തിയ സുസ്ഥിരവും വികേന്ദ്രീകൃത ആസൂത്രിതവുമായ പ്രവർത്തനങ്ങളും പരിഗണിച്ചാണ് പുരസ്കാരം. ലോക ടൂറിസം ദിനമായ ഇന്നലെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര ടൂറിസം സെക്രട്ടറി വിദ്യാവതിയിൽ നിന്നു കേരള ടൂറിസം ഡയറക്ടർ പി.ബി.നൂഹ്, സംസ്ഥാന റൂറൽ ടൂറിസം നോഡൽ ഓഫിസറും ഉത്തരവാദിത്ത ടൂറിസം സംസ്ഥാന മിഷൻ കോഓർഡിനേറ്ററുമായ കെ.രൂപേഷ്കുമാർ, കാന്തല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് പി.ടി. മോഹൻദാസ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. കഴിഞ്ഞ 8 മാസമായി നടന്ന വിവിധ തലങ്ങളിലെ പരിശോധനകൾക്ക് ഒടുവിലാണ് പുരസ്കാരം ലഭിച്ചത്.



രാജ്യത്തെ രണ്ടര ലക്ഷം പഞ്ചായത്തുകളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട 767 ഗ്രാമങ്ങൾ മത്സരിച്ചതിൽ നിന്നും 5 എണ്ണത്തിന് സ്വർണമെഡലും 10 എണ്ണത്തിന് വെള്ളിയും 20 ഗ്രാമങ്ങൾക്ക് വെങ്കലവും ലഭിച്ചു.

കാന്തല്ലൂരിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പെപ്പർ പദ്ധതിയാണ് ആദ്യം നടപ്പാക്കിയത്. അത് വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ ശേഷം കാന്തല്ലൂരിനെ സ്ട്രീറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി. പദ്ധതിയുടെ ഭാഗമായി സ്പെഷൽ ടൂറിസം ഗ്രാമസഭകൾ, ടൂറിസം റിസോഴ്സ് മാപ്പിങ്, ടൂറിസം ഡയറക്ടറി തയാറാക്കൽ, വിവിധ പരിശീലനങ്ങൾ, ചെറുകിട ഇടത്തരം സംരംഭങ്ങൾ രൂപീകരണം റജിസ്ട്രേഷൻ എന്നിവ വിജയകരമായി നടപ്പാക്കി. കൃത്യമായ ആസൂത്രണത്തോടെ പഞ്ചായത്തും ഉത്തരവാദിത്ത ടൂറിസം മിഷനും ചേർന്ന് പദ്ധതി പ്രവർത്തനം നടത്തി. രാജ്യത്ത് തന്നെ ആദ്യമായി പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ടൂറിസം അടിസ്ഥാന സൗകര്യ വികസനം നടത്തി. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി തയാറാക്കിയ ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ അനുസരിച്ച് ടൂറിസം സംരംഭങ്ങൾക്കും ടൂറിസം പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾക്കും പഞ്ചായത്ത് തല റജിസ്ട്രേഷൻ ഏർപ്പെടുത്തി. ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി, പ്രവേശന കവാടം നിർമിച്ച് ഗ്രീൻ ചെക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

ഗ്രാമീണ ടൂറിസം കാർഷിക ടൂറിസം പ്രവർത്തനങ്ങൾക്ക് കൃത്യമായ രൂപരേഖ തയാറാക്കി പാക്കേജുകൾ, ടൂറിസം ഫെസ്റ്റ് എന്നിവ സംഘടിപ്പിച്ചു. ടൂർ പാക്കേജുകൾക്ക് ഏകീകൃത നിരക്ക് പ്രഖ്യാപിച്ചു. കൃത്യമായ ഇടവേളകളിൽ സംരംഭക ശിൽപശാലകളും വിലയിരുത്തൽ യോഗങ്ങളും നടന്നു. ഉത്തരവാദിത്ത ടൂറിസം മിഷനും യുഎൻ വിമനും സംയുക്തമായി നടപ്പാക്കുന്ന സ്ത്രീ സൗഹാർദ വിനോദ സഞ്ചാര പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പാക്കിയ ആദ്യ പഞ്ചായത്തുകളിൽ ഒന്നാണ് കാന്തല്ലൂർ. ഇതിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ സുരക്ഷാ പഠനം നടന്നു. ഇങ്ങനെ കണ്ടെത്തിയ പരിമിതികൾ പരിഹരിക്കുന്നതിനായി പൊതു ശുചിമുറികളും പൊതു വാട്ടർ വെൻഡിങ് മെഷീനുകളും സ്ഥാപിച്ചു. വഴിവിളക്കുകളുടെ പരിപാലനവും നടത്തി. വാട്ടർ വെൻഡിങ് മെഷീൻ വഴി ഒരു രൂപയ്ക്ക് ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പാക്കി.

പഞ്ചായത്ത് പ്രദേശത്തെ പൂർണമായി ഗ്രീൻ ടൂറിസം സർക്കീട്ടായി പ്രഖ്യാപിച്ചു.

# വനിതാ വികസന കോർപ്പറേഷൻ അതിവേഗ വ്യക്തിഗത ഗ്രൂപ്പ് വായ്പകൾ നൽകുന്നു

**കൊച്ചി:**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലളിതമായ നടപടിക്രമത്തിലൂടെ അതിവേഗ വ്യക്തിഗത ഗ്രൂപ്പ് വായ്പകൾ നൽകുന്നു. നിശ്ചിത വരുമാന പരിധിയിലുള്ള 18ന് ും 55നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ വനിതകൾക്ക് 5 വർഷം തിരിച്ചടവ് കാലാവധിയിൽ 6% ശതമാനം പലിശനിരക്കിൽ ഉദ്യോഗസ്ഥ/വസ്തു ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകും. www.kswdc.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്ന വായ്പ അപേക്ഷ ഫോറം എറണാകുളം മേഖലാ ഓഫീസിൽ സമർപ്പിക്കാം. കൂടാതെ മൈക്രോഫിനാൻസ് എന്ന പദ്ധതിയിൽ കുടുംബശ്രീ സി.ഡി.എസ് ന് 3% 3.5% പലിശ നിരക്കിൽ 3 കോടി രൂപ വരെ വായ്പ അനുവദിക്കും. സി.ഡി.എസ് ന് കീഴിലുള്ള എസ്.എച്ച്.ജി കൾക്ക് 10 ലക്ഷം രൂപ വരേയും ഹരിത കർമ്മ സേന ശുചീകരണ തൊഴിലാളി യൂണിറ്റ് എന്നിവയ്ക്ക് 6 ലക്ഷം വരേയും ലഭ്യമാകും. അപേക്ഷകൾക്കും വിശദവിവരങ്ങൾക്കും എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 04842984932,9496015008

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം

**കൊച്ചി:** സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഒടടാ സ്ഥിരം ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതിന് നിർദ്ദിഷ്ട യോഗ്യതയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ എറണാകുളം റീജിയണൽ പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സെപ്റ്റംബർ 30 നകം രജിസ്റ്റർ ചെയ്യണം. നിലവിൽ എറണാകുളം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് യഥാസമയം പുതുക്കിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ നേരിട്ടോ ദൂതൻ മുഖേനയോ പുതുക്കണമെന്ന് ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫിസർ (പി & ഇ) അറിയിച്ചു. ഫോൺ: :0484 2312944

## ബാർജ് സ്രാങ്ക് താത്കാലിക നിയമനം

**കൊച്ചി:** ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ ബാർജ് സ്രാങ്ക് (താത്കാലികം) തസ്തികയിൽ 10 ഒഴിവുകൾ നിലവിലു് .നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഒക്ടോബർ 13 ന് മുൻപ് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേതാണ് . പ്രായ പരിധി : 18 37 നിയമാനുസൃത വയസ്സിളവ് അനുവദനീയം. (സ്ത്രീകളും ഭിന്നശേഷിക്കാരും അർഹരല്ല ). വിദ്യാഭ്യാസ യോഗ്യത : സാക്ഷരത, കേരള ഇൻലാൻഡ് വെസൽ റൂൾ 2010 പ്രകാരം ഇഷ്യൂ ചെയ്ത നിലവിലെ മാസ്റ്റർ ലൈസൻസ് (ഫസ്റ്റ് ക്ലാസ് /സെക്കൻഡ് ക്ലാസ്) ( LITERACY, CURRENT MASTER LICENSE (FIRST CLASS /SECOND CLASS) ISSUED UNDER KERALA INLAND VESSEL RULE 2010)

## കെ.ജി.ടി.ഇ. പ്രീ പ്രസ് കോഴ്സിലേക്ക് സീറ്റൊഴിവ്

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും സംയുക്തമായി ആരംഭിക്കുന്ന കേരള സർക്കാർ അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ. പ്രീ പ്രസ്സ് ഓപ്പറേഷൻ 2023 24 അദ്ധ്യയന വർഷം ആരംഭിക്കുന്ന കോഴ്സിലേക്ക് സീറ്റൊഴിവ്. അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രസ്തുത കോഴ്സിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി., എസ്.ഇ.ബി.സി, മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. അപേക്ഷാ ഫോറം 100 രൂപയ്ക്ക് സെന്ററിൽ നിന്നും നേരിട്ടും മണി ഓർഡറായി 135 രൂപ ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ.പി.എസ്. കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ., ആലുവ 683108 വിലാസത്തിൽ തപാലിലും അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് 04842605322, 9605022555 നമ്പരുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ (വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം) കോപ്പികൾ സഹിതം ലഭിക്കേ അവസാന തീയതി 12.10.2023.

# അത്യാധുനിക സ്ട്രോക്ക് ക്ലിനിക്കുമായി അപ്പോളോ അഡ്ലക്സ് ആശുപത്രി




കൊച്ചി,: ആതുര സേവന രംഗത്ത് പുതിയ ചുവടുവെപ്പുമായി അങ്കമാലിയിലെ പ്രമുഖ ആശുപത്രിയായ അപ്പോളോ അഡ്ലക്സിൽ അത്യാധുനിക സ്ട്രോക്ക് ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. സമയം ഏറെ നിർണായകമാകുന്ന സ്ട്രോക്ക് പരിചരണത്തിൽ എത്രയും വേഗം സ്ട്രോക്ക് വന്ന വ്യക്തിയെ ഹൈസ്പെഷ്യാലിറ്റി ആശുപത്രിയിൽ എത്തിക്കുകയും ഇതിനായി ന്യൂറോളജി, ന്യൂറോ സർജറി, എമർജൻസി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വിദഗ്ധരെയും ഏകോപിപ്പിക്കുകയും ചെയ്യുന്ന തരത്തിലാണ് ക്ലിനിക്കിന്റെ പ്രവർത്തനം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. ചലന വൈകല്യങ്ങൾക്കുള്ള ബോട്ടുലിനം കുത്തിവയ്പ്പുകൾ, അത്യാധുനിക പെയിൻ ഇന്റർവെൻഷൻ മാനേജ്മെന്റ്, അന്യൂറിസം കോയിലിംഗ്, എൻഡോവാസ്കുലർ എംബോളൈസേഷൻ തുടങ്ങിയ സമഗ്ര ചികിത്സാസംവിധാനങ്ങൾ വാഗ്ദാനം ചെയ്യുന്നതാണ് അപ്പോളോ അഡ്ലക്സ് ആശുപത്രിയിലെ ന്യൂറോളജി വിഭാഗം. അയ്യായിരത്തിലേറെ സ്ട്രോക്ക് കേസുകൾ വിജയകരമായി ചികിൽസിച്ച ഡോ. ബോബി വർക്കി മരമറ്റം, ഡോ. ജോയ് എം.എ, ഡോ. അരുൺ ഗ്രേസ്, ഡോ. പാർത്ഥസാരഥി എന്നിവരടങ്ങുന്ന വിദഗ്ധ ന്യൂറോസയൻസ് സംഘമാണ് ക്ലിനിക്ക് നയിക്കുന്നത്. ന്യൂറോളജി വിഭാഗത്തിന്റെ ഈ വിപുലീകൃത സേവനത്തിൽ, 24/7 ലഭ്യമായ 1066 അടിയന്തര ഫോൺ നമ്പർ, സിടി/സിടിഎ/സിടി പെർഫ്യൂഷൻ, എംആർ/എംആർഎ, സെറിബ്രൽ ആൻജിയോഗ്രാം, 3ഡി റോട്ടേഷണൽ ആൻജിയോഗ്രാം എന്നിവ ഉൾപ്പെടെയുള്ള സമഗ്ര ഡയഗ്നോസ്റ്റിക്സ്, ഐവി ത്രോംബോളിസിസ്, മെക്കാനിക്കൽ ത്രോംബെക്ടമി, എക്സ്ട്രാ ആൻഡ് ഇൻട്രാക്രാനിയൽ സ്റ്റെന്റിംഗ്, അന്യൂറിസം കോയിലിംഗ്, എംബോളിസേഷൻ എന്നിവ ഉൾപ്പെടെയുള്ള ചികിൽസാ ഓപ്ഷനുകൾ, സ്ട്രോക്ക് ഐസിയു, ന്യൂറോവാസ്കുലർ മോണിറ്ററിംഗ്, ന്യൂറോ ക്ലിനിക്കൽ കെയർ, സ്പാസ്റ്റിസിറ്റിക്കുള്ള ബോട്ടുലിനം ടോക്സിൻ, സ്ട്രോക്ക് ഫിസിയോതെറാപ്പി ,ന്യൂറോ സർജിക്കൽ എടിഎഎംസിഎ ബൈപാസ്, ക്രാനിയോടോമി, മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കുകൾ, പ്രതിരോധ സ്ട്രോക്ക് ക്ലിനിക്ക് എന്നിവ ഉൾപ്പെടുന്നു.സ്ട്രോക്ക് പരിചരണത്തിലെ സമഗ്രമായ സമീപനം, രോഗികൾക്ക് അവരുടെ സ്വാതന്ത്ര്യവും ജീവിതനിലവാരവും വീണ്ടെടുക്കാൻ സഹായിക്കുന്നതിനുള്ള ശാരീരിക ചികിത്സയുടെയും റീഹാബിലിറ്റേഷന്റെയും നിർണായക പങ്ക് ഊന്നിപ്പറയുന്നു. ഫിസിയോതെറാപ്പിസ്റ്റുകൾ, സ്പീച്ച് തെറാപ്പിസ്റ്റുകൾ, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ എന്നിവരടങ്ങിയ റീഹാബിലിറ്റേഷൻ വിദഗ്ധരുടെ സഹായം ഓരോ രോഗിയുടെയും വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വ്യക്തിഗത ചികിത്സ വാഗ്ദാനം ചെയ്യുന്നു

# ഹോണ്ട ആക്ടീവ ലിമിറ്റഡ് എഡിഷൻ അവതരിപ്പിച്ചു

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ആക്ടീവ ലിമിറ്റഡ് എഡിഷൻ അവതരിപ്പിച്ചു. ആക്ടീവ ഡിഎൽഎക്സ് ലിമിറ്റഡ് എഡിഷന് 80,734 രൂപയും, ആക്ടിവ സ്മാർട്ട് ലിമിറ്റഡ് എഡിഷന് 82,734 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില. രാജ്യത്തുടനീളമുള്ള എല്ലാ ഹോണ്ട റെഡ് വിങ് ഡീലർഷിപ്പുകളിലും പരിമിത കാലത്തേക്ക് ലഭ്യമാകുമെന്നും ബുക്കിങ് ആരംഭിച്ചുവെന്നും കമ്പനി അധികൃതർ അറിയിച്ചു.ബോഡി പാനലുകളിലെ ശ്രദ്ധേയമായ ഷേഡുകൾക്കൊപ്പം, ആദ്യമായി ഒരു ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ഉൽപ്പന്നത്തിൽ, ഡാർക്ക് കളർ തീമും ബ്ലാക്ക് ക്രോം എലമന്റ്സും നൽകി ഇന്ത്യയുടെ ഇഷ്ട സ്കൂട്ടറായ ആക്ടീവയുടെ രൂപഭംഗിക്ക് ആക്ടീവ ലിമിറ്റഡ് എഡിഷൻ മാറ്റുകൂട്ടുന്നു. പ്രീമിയം ബ്ലാക്ക് ക്രോം ഗാർണിഷിലാണ് ആക്ടീവ 3ഡി എംബ്ലം വരുന്നത്. ബോഡി കളർ ഡാർക്ക് ഫിനിഷാണ് റിയർ ഗ്രാബ് റെയിലിന്.




മാറ്റ് സ്റ്റീൽ ബ്ലാക്ക് മെറ്റാലിക്, പേൾ സൈറൻ ബ്ലൂ എന്നിങ്ങനെ രണ്ട് കളർ ഷേഡുകളിലാണ് ആക്ടീവ ലിമിറ്റഡ് എഡിഷൻ എത്തുന്നത്. ഡിഎൽഎക്സ് വേരിയന്റിലും അലോയ് വീലുകൾ ഉൾപ്പെടുത്തി. ഹോണ്ടയുടെ സ്മാർട്ട് കീ ഫീച്ചറാണ് മറ്റൊരു ആകർഷണം. 5.77 കി.വാട്ട് പവറും 8.90 എൻ.എം ടോർക്കും നൽകുന്ന 109.51സിസി, സിംഗിൾ സിലിണ്ടർ, ബിഎസ്6 ഒബിഡി2 അനുസൃത പിജിഎംഎഫ്ഐ എഞ്ചിനാണ് ലിമിറ്റഡ് എഡിഷന്റെ കരുത്ത്. 10 വർഷത്തെ പ്രത്യേക വാറന്റി പാക്കേജും ഹോണ്ട വാഗ്ദാനം ചെയ്യുന്നു.

# ഡബ്ല്യുഎഫ്1000എക്സ് എം5 ഇയർബഡ് അവതരിപ്പിച്ച് സോണി




**കൊച്ചി:** സോണി ഇന്ത്യ സംഗീതത്തിനായി മാത്രമായി ഏറ്റവും മികച്ച നോയ്സ് ക്യാൻസലിങ് സംവിധാനമുള്ള ഡബ്ല്യുഎഫ്1000എക്സ് എം5 ഇയർബഡ് വിപണിയിൽ അവതരിപ്പിച്ചു. സമാനതകളില്ലാത്ത നോയ്സ് ക്യാൻസലേഷൻ, മികച്ച ശബ്ദാനുഭവം, സോണിയുടെ ഏറ്റവും മികച്ച കോൾ ക്വാളിറ്റി എന്നിവയ്ക്കൊപ്പം വിപണിയിലെ തന്നെ മികച്ച നോയ്സ് ക്യാൻസലേഷൻ പ്രകടനവും, പ്രീമിയം സൗ ക്വാളിറ്റിയും നൽകുന്നതിനുള്ള അത്യാധുനിക സാങ്കേതികവിദ്യയാണ് ഡബ്ല്യുഎഫ്1000എക്സ് എം5ൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കമ്പനി അവകാശപ്പെടുന്നു.റിയൽടൈം ഓഡിയോ പ്രൊസസറുകളും ഉയർന്ന പ്രകടനമുള്ള മൈക്കുകളും, ഇഷ്ട ആർട്ടിസ്റ്റുകൾക്കൊപ്പം സ്റ്റുഡിയോയിലാണെന്ന് തോന്നിപ്പിക്കുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്.ലോ ഫ്രീക്വൻസി ക്യാൻസലേഷൻ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ഡബ്ല്യുഎഫ്1000എക്സ് എം5ൻറെ ഓരോ ഇയർബഡിലും ഡ്യുവൽ ഫീഡ്ബാക്ക് മൈക്കുകൾ ഉൾപ്പെടെ മൂന്ന് മൈക്രോഫോണുകൾ സജ്ജീകരിച്ചിട്ടു്. സോണി പുതുതായി വികസിപ്പിച്ചെടുത്ത ഇൻറഗ്രേറ്റഡ് പ്രോസസർ വി2, എച്ച്ഡി നോയിസ് ക്യാൻസലിംഗ് പ്രോസസർ ക്യൂഎൻ2ഇ സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് മികച്ച നോയ്സ് ക്യാൻസലിങ് നിലവാരം ഉറപ്പാക്കുന്നത്. ഹൈറെസെല്യൂഷൻ ഓഡിയോ വയർലെസ്, 360 റിയാലിറ്റി ഓഡിയോ, ഡൈനാമിക് ഡ്രൈവർ എക്സ്, ഹെഡ് ട്രാക്കിംഗ് ടെക്നോളജി, ഡീപ് ന്യൂട്രൽ നെറ്റ്വർക്ക് പ്രോസസിംഗ് തുടങ്ങിയവയാണ് മറ്റു സവിശേഷതകൾ. സോണിയുടെ ജനപ്രിയ ഫീച്ചറുകളായ അഡാപ്റ്റീവ് സൗ കൺട്രോൾ, സ്പീക്ക്ടുചാറ്റ്, മൾട്ടിപോയിൻറ് കണക്റ്റ് തുടങ്ങിയവയും ഡബ്ല്യുഎഫ്1000എക്സ് എം5ലു്. 8 മണിക്കൂർ വരെയാണ് ബാറ്ററി ലൈഫ് വാഗ്ദാനം. 3 മിനിറ്റ് ചാർജ് ചെയ്താൽ 60 മിനിറ്റ് വരെ സംഗീതം ആസ്വദിക്കാം. ക്യൂഐ സാങ്കേതികവിദ്യ വയർലെസ് ചാർജിങ് എളുപ്പമാക്കുകയും ചെയ്യുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.3000 രൂപ ക്യാഷ്ബാക്ക് ഉൾപ്പെടെ ഉപഭോക്താക്കൾക്ക് ഇപ്പോൾ 21,990 രൂപ വിലയ്ക്ക് ഡബ്ല്യുഎഫ്1000എക്സ് എം5 പ്രീബുക്ക് ചെയ്യാം. പ്രീബുക്ക് ഓഫറിന് കീഴിൽ 4,990 രൂപ വിലയുള്ള എസ്ആർഎസ്എക്സ്ബി100 പോർട്ടബിൾ സ്പീക്കർ സൗജന്യമായി ലഭിക്കും. 2023 സെപ്റ്റംബർ 27 മുതൽ ആരംഭിക്കുന്ന ഈ പ്രീബുക്കിംഗ് ഓഫർ സോണി സെൻറർ, ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ, ഇകൊമേഴ്സ് പോർട്ടലുകൾ തുടങ്ങിയ എല്ലാ ഓൺലൈൻ, ഓഫ്ലൈൻ ചാനലുകളിലും 2023 ഒക്ടോബർ 15 വരെ ലഭ്യമാവും. 24,990 രൂപയാണ് യഥാർഥ വില. ബ്ലാക്ക്, പ്ലാറ്റിനം സിൽവർ നിറങ്ങളിൽ 2023 ഒക്ടോബർ 18 മുതൽ ലഭ്യമാവുമെന്നു കമ്പനി അധികൃതർ പറഞ്ഞു.

# വി ആപ്പിൽ 'റീചാർജ് ആന്റ് ഫ്ളൈ' ഓഫർ അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ ടെലികോം ഓപ്പറേറ്ററായ വി പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി ഈസ്മൈട്രിപ്പുമായി സഹകരിച്ച് 'റീചാർജ് ആന്റ് ഫ്ളൈ' ഓഫർ അവതരിപ്പിച്ചു. ഇതിന്റെ ഭാഗമായി സെപ്റ്റംബർ 30 വരെ വി ആപ്പ് വഴി റീചാർജ് ചെയ്യുന്ന വി ഉപയോക്താക്കൾക്ക് ഓരോ മണിക്കൂറിലും 5000 രൂപ വരെ മൂല്യമുള്ള ഒരു സൗജന്യ ഫ്ളൈറ്റ് ടിക്കറ്റ് നേടാനുള്ള അവസരം ലഭിക്കുമെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. ഉപഭോക്താവിന് ഉയർന്ന നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്ത് 5000 രൂപ കിഴിവ് നേടാനും കഴിയും.ഈ ഓഫർ കാലയളവിൽ ഉപഭോക്താക്കൾക്ക് വി ആപ്പ് വഴി തിരഞ്ഞെടുത്ത റീചാർജുകളിൽ അധിക ചിലവില്ലാതെ 50ജിബി ഡാറ്റ വരെ ലഭിക്കും. കൂടാതെ വി ഉപയോക്താക്കൾക്ക് മറ്റ് റിവാർഡുകൾക്കൊപ്പം ഈസ്മൈട്രിപ്പ് വഴി ഫ്ളൈറ്റ് ടിക്കറ്റുകളിൽ 400 രൂപ മൂല്യമുള്ള പ്രത്യേക ഡിസ്കൗ് കൂപ്പണുകളും നേടാം.വി ആപ്പ് വഴി കൂടുതൽ റീചാർജുകൾ ചെയ്യുമ്പോൾ ഫ്ളൈറ്റ് ടിക്കറ്റുകളും അധിക ഡാറ്റയും നേടാനുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ജയ്പൂർ റഗ്സ് നെയ്ത്തുകാരുടെ കുട്ടികൾക്ക് സ്കോളർഷിപ് നൽകും



**കൊച്ചി:** ഹാൻഡ്മെയ്ഡ് റഗ് നിർമാണ മേഖലയിലെ മുൻനിരക്കാരായ ജെയ്പൂർ റഗ്സ് തങ്ങളുടെ വാർഷിക റഗ് ഉൽസവിന്റെ ഭാഗമായി ഇത്തവണ നെയ്ത്തുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപുകൾ നൽകും. 2023ലെ റഗ് ഉൽസവ് സെപ്റ്റംബർ 27നാണ് ആരംഭിക്കുന്നത്. കരകൗശല ശേഖരങ്ങൾക്ക് വൻ ഇളവുകളും ഇതോടനുബന്ധിച്ച് പ്രഖ്യാപിച്ചിട്ടു്. തങ്ങളുടെ നെയ്ത്തുകാരുടെ ജീവിതം ശോഭനമാക്കുന്നതിന് ജെയ്പൂർ റഗ്സ് എന്നും മുൻഗണന നൽകാറുന്നെ് ജെയ്പൂർ റഗ്സ് ഡയറക്ടർ യോഗേഷ് ചൗധരി പറഞ്ഞു. ഈ വർഷം റഗ്സ് ഉൽസവിന്റെ ഒരു വിഹിതം ജെആർ സ്കോളർഷിപ് പദ്ധതിക്കായി സംഭാവന ചെയ്യുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഉത്കർഷ് ബാങ്ക് എ ടി എമ്മുകളിൽ ഐ സി സി ഡബ്ല്യു സൗകര്യം





**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്മോൾ ഫിനാൻസ് ബാങ്കുകളിലൊന്നായ ഉത്കർഷ് ബാങ്ക് എ ടി എം നെറ്റ്വർക്കുകളിൽ യൂണിഫൈഡ് പെയ്മെൻറ് ഇൻറർഫേസ് (യു പി ഐ) ഉപയോഗിച്ച് കാർഡ് ഇല്ലാതെ പണം പിൻവലിക്കാനാകുന്ന ഇൻററോപെറബിൾ കാർഡ് ലെസ്സ് ക്യാഷ് വി ത്ത്ഡ്രോവൽ (ഐ സി സി ഡബ്ല്യു) സംവിധാനം നിലവിൽ വന്നതായി മാനേജിംഗ് ഡയറക്ടർ ഗോവിന്ദ് സിംഗ് അറിയിച്ചു.ആധുനിക ബാങ്കിംഗിന്റെ ആണിക്കല്ലായി മാറിക്കൊിരിക്കുന്ന ഐ സി സി ഡബ്ല്യു ദൈനംദിന സാമ്പത്തിക ഇടപാടുകൾ കൂടുതൽ എളുപ്പത്തിൽ പ്രാപ്യമാക്കുന്നതും, സുരക്ഷിതവും, സൗകര്യപ്രദവുമാക്കാൻ ബാങ്ക് ഉപഭോക്താക്കളെ സഹായിക്കും. ഉത്കർഷ് എ ടി എമ്മിൽ യു പി ഐ ക്യാഷ് പിൻവലിക്കൽ ഓപ്ഷൻ തെരഞ്ഞെടുത്ത ശേഷം സ്ക്രിനിൽ ക്യു ആർ കോഡ് ഡിസ്പ്ളേ ട്രിഗർ ചെയ്തു പിൻവലിക്കാൻ ഉദ്ദേശിക്കുന്ന തുക ടൈപ്പ് ചെയ്യണം. തുടർന്ന് ക്യു ആർ കോഡ് സ്കാൻ ചെയ്യാനായി ഐ സി സി ഡബ്ലിയു പ്രവർത്തനക്ഷമമാക്കിയ ഒരു യു പി ഐ ആപ്പ് ഉപയോഗിക്കുക. പിന്നീട് യു പി ഐ പിൻകോഡ് നൽകി ഇടപാടിന് അംഗീകാരം നൽകുന്നതോടെ പണം ലഭിക്കുന്നതാണ് ഇതിൻറെ പ്രവർത്തന ക്രമം. മൊബൈൽ ഫോണിൽ ബി എച്ച് ഐ ഉത്കർഷ്, ബി എച്ച് ഐ എം യു പി ഐ അല്ലെങ്കിൽ ഏതെങ്കിലും ഐ സി സി ഡബ്ല്യു സൗകര്യമുള്ള യു പി ഐ ആപ്ലിക്കേഷൻ എന്നിവ ഉപയോഗിച്ച് മറ്റു ബാങ്കുകളുടെ ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാക്കാം. ഒരു യുപിഐ ഐ ഡിയുമായി ലിങ്ക് ചെയ്തിരിക്കുന്ന ഒന്നിലധികം ബാങ്ക് അക്കൗുകളുള്ളവർക്കും അവരുടെ അക്കൗ് തിരഞ്ഞെടുത്തു ഈ സംവിധാനത്തിലൂടെ ഇടപാടുകൾ നടത്താനാകും. ഇത് പല ബാങ്കുകളുടെ കാർഡുകൾ ഒരേസമയം കൊു നടക്കുന്നത് ഒഴിവാക്കാനാകുമെന്നതും ഇതിൻറെ പ്രത്യേകതകളിൽ ഒന്നാണ്. പ്രതിദിനം ര് ഇടപാടുകളെന്നും ഒരു ഇടപാടിൽ പരമാവധി 10,000 രൂപ എന്ന പരിധിയും നിശ്ചയിച്ചിട്ടു്.രാജ്യത്തെ എല്ലാ ബാങ്കുകളുടെയും എ ടി എമ്മുകളിൽ കാർഡില്ലാതെ പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ആർ ബി ഐയുടെ നിർദ്ദേശമു്. വരും തലമുറയെ പ്രതിനിധീകരിക്കുന്ന ബാങ്കിംഗ് സൊലൂഷനുകൾ ലഭ്യമാക്കുന്നതിൽ ബാങ്ക് അതീവ ശ്രദ്ധ പുലർത്തുന്നുന്നെും മാനേജിംഗ് ഡയറക്ടർ ഗോവിന്ദ് സിംഗ് അറിയിച്ചു.

# ത്രിദിന ആക്ടിംഗ് വർക്ക് ഷോപ്പ് സെപ്റ്റംബർ 30 ഒക്ടോബർ 1,2 തീയതികളിൽ

**കൊച്ചി:** ചാവറ കൾച്ചറൽ സെന്ററിൽ ചാവറ ഫിലിം സ്കൂളിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 30 ഒക്ടോബർ 1, 2 തീയതികളിൽ രാവിലെ 9 30 മുതൽ വൈകിട്ട് 5 മണി വരെ ത്രിദിന ആക്ടിംഗ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. അഭിനയ കലയുടെ വിവിധ വശങ്ങൾ പഠിക്കുവാനും ടെലിവിഷൻ, സിനിമ അഭിനയ മേഖലകളിൽ താല്പര്യമുള്ളവർക്ക് പ്രഗത്ഭരായവരുമായി സംവദിക്കുവാനുള്ള അവസരം.സംവിധായകരായ ആന്റണി സോണി, ദെശ് വിൻപ്രേം, അഭിനയ പരിശീലകരും നടൻ മാരുമായ വിമൽ രാജ്, ജിജോ കെ.മാത്യു, ഡോ. ജെബിൻ ജെ.ബി. പ്രസൂൺ വി.ടി., അതുൽ രാജേന്ദ്രൻ, എന്നിവരുടെ നേതൃത്വത്തിലാണ് ആക്ടിംഗ് വർക്ക് ഷോപ്പ് നടത്തുന്നത്. സമാപനദിനത്തിൽ പ്രാവ് എന്ന സിനിമയുടെ ഡയറക്ടർ നവാസ് അലി മുഖ്യാതിഥിയായിരിക്കുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാദർ അനിൽ ഫിലിപ് സി.എം.ഐ. അറിയിച്ചു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഈ നമ്പറിൽ ബന്ധപ്പെടുക 9400068680, 9495142011

# ആക്സിസ് ബാങ്കിന്റെ 5000 ാമത് ശാഖ അഹമ്മദാബാദിൽ തുറന്നു




**കൊച്ചി:** ആക്സിസ് ബാങ്കിന്റെ 5000 ാമത് ശാഖ ഗുജറാത്തിലെ അഹമ്മദാബാദിൽ ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്രഭായ് പട്ടേൽ ഉദ്ഘാടനം ചെയ്തു. ബാങ്ക് എംഡിയും സിഇഒയുമായ അമിതാഭ് ചൗധരി, ബ്രാഞ്ച് ബാങ്കിങ് മേധാവി രവി നാരായണൻ തുടങ്ങിയവർ സംബന്ധിച്ചു.രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 100 അധിക ശാഖകളാണ് ആക്സിസ് ബാങ്ക് ഇതേ ദിവസം തന്നെ ആരംഭിച്ചത്. ബാങ്കിന്റെ ആദ്യ ശാഖ 1994ൽ ആരംഭിച്ച അതേ പട്ടണത്തിൽ തന്നെയാണ് ഈ നാഴികക്കല്ലു പിന്നിടുന്ന നേട്ടവും കൈവരിച്ചതെന്നതും ശ്രദ്ധേയമാണ്. യുടിഐ ബാങ്ക് എന്ന പേരിൽ അന്നത്തെ ആദ്യ ശാഖ മുൻ പ്രധാനമന്ത്രി മൻമോഹൻ സിങായിരുന്നു ഉദ്ഘാടനം ചെയ്തത്.ഓരോ പുതിയ ശാഖയും സാമ്പത്തിക വളർച്ചയും സാമ്പത്തിക സേവനങ്ങൾ എല്ലാവർക്കും എത്തിക്കുന്നതും സംബന്ധിച്ച തങ്ങളുടെ കാഴ്ചപ്പാടിലേക്ക് കൂടുതൽ അടുപ്പിക്കുന്ന ഓരോ ചുവടു വെയ്പുകളാണെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.

# വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടി അഞ്ചാം ലക്കം നാളെ

**കൊച്ചി:** രാജ്യത്തെ വനിതാ സംരംഭകരുടെ ഏറ്റവും വലിയ കൂട്ടായ്മയായ കേരള സ്റ്റാർട്ടപ്പ് മിഷൻറെ വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടിയുടെ അഞ്ചാം ലക്കം നാളെ കളമശ്ശേരി ടെക്നോളജി ഇനോവേഷൻ സോണിൽ നാളെനടക്കും. മന്ത്രി വീണാ ജോർജ്ജ് ഉച്ചകോടി ഉദ്ഘാടനം ചെയ്യും.ദേശീയ അന്തർദേശീയ രംഗത്ത് വിവിധ മേഖലകളിൽ നായകത്വം വഹിക്കുന്ന പ്രമുഖവനിതകളാണ് വനിത സ്റ്റാർട്ടപ്പ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ആയിരത്തിലധികം പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആഗോളതലത്തിലുള്ള വനിതാ സംരംഭകർക്ക് പുറമെ, വ്യവസായ പ്രമുഖർ, ഇനോവേറ്റർമാർ, വിദ്യാർത്ഥികൾ എന്നിവരും ഇതിൽ പങ്കെടുക്കും.ഐടി സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ, ലേബർ കമ്മീഷണർ ഡോ. കെ വാസുകി, കെഎസ് യുഎം സിഇഒ അനൂപ് അംബിക തുടങ്ങിയ പ്രമുഖർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുന്നു്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും അവർക്ക് വേ സഹകരണം ഉറപ്പാക്കാനും ഉദ്ദേശിച്ചുള്ള ഷി ലവ്സ് ടെക് പരിപാടിയും ഉച്ചകോടിയോട് അനുബന്ധിച്ച് നടക്കുന്നു്.ഇതിനു പുറമെ വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രദർശനം ഉൾപ്പെടുത്തി മുപ്പതോളം സ്റ്റാളുകളും ഒരുക്കിയിട്ടുണ്ട്. മൂന്ന് എക്സ്പീരിയൻ സെൻററുകളും ഉച്ചകോടിയുടെ ഭാഗമായു്. സംരംഭകരാകാനാഗ്രഹിക്കുന്നവർക്ക് വേി മാർഗ്ഗനിർദ്ദേശവും സഹായങ്ങളും വിവരങ്ങളും നൽകുന്നതിനായി കേന്ദ്ര വാണിജ്യവകുപ്പിന് കീഴിലുള്ള ആഭ്യന്തര വ്യവസായവാണിജ്യ വകുപ്പ് പ്രത്യേക സംവിധാനവും ഒരുക്കിയിട്ടു്. കമ്പനി രജിസ്ട്രേഷൻ, ബിസിനസ് ആശയങ്ങൾ സംരക്ഷിക്കാനുള്ള വഴികൾ, സ്റ്റാർട്ടപ്പ് മിഷൻ അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയവ ഇവിടെ വിശദീകരിക്കും.കെഎസ് യുഎമ്മിൻറെ മെൻററർഷിപ്പ് പരിപാടിയായ മൈൻഡ്(എം.ഐ.എൻ.ഡിമൈൻഡ് മെൻറർ ഇൻസ്പയേഡ് നെറ്റ് വർക്കിംഗ് ഓൺ ഡിമാൻഡ്) ഉൾപ്പെടെ 12 ഓളം സെഷനുകളാണ് ഉച്ചകോടിയിൽ നടക്കുക.നെറ്റ് വർക്ക് 18 മാനേജിംഗ് എഡിറ്റർ പാൽകി ശർമ്മ ഉപാദ്ധ്യായ, സഹോദരി ഫൗഷേൻറെ സ്ഥാപക കൽക്കി സുബ്രഹ്മണ്യം, സാഫിൻ ഇന്ത്യയുടെ എംഡി സുജ ചാി, ബിസിനസ് ഫിൻലാൻറിൻറെ ഇന്ത്യാ വിഭാഗം ടാലൻറ് ബൂസ്റ്റ് മേധാവി ഗിറ്റ പെരെസ്, ഫിൻലാൻറ് കോൺസുലേറ്റ് ജനറൽ എറിക് ഗുസ്താവ് ക്രിസ്റ്റഫർ, തുടങ്ങി അമ്പതോളം പ്രമുഖരാണ് ഉച്ചകോടിയിൽ വിവിധ സെഷനുകളിലായി സംസാരിക്കുന്നത്.വനിതാ സ്റ്റാർട്ടപ്പുകളിലെ സുസ്ഥിരമായ വളർച്ച, സംരംഭക മേഖലയിലെ വനിതാ നെറ്റ്വർക്കുകൾ, പാനൽ ചർച്ചകൾ, പരിശീലനകളരികൾ, ആശയസംവാദം, എന്നിവ ഉച്ചകോടിയിൽ ഉൾപ്പെടുത്തിയിട്ടു്.വനിതാ സംരംഭകർ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് നൽകുന്ന ദിശാബോധം, ആശയത്തിൽ നിന്ന് മാതൃകയിലേക്ക്, മികച്ച സ്റ്റാർട്ടപ്പ് അടിത്തറ, വളർച്ചയുടെ ആസൂത്രണവും വെല്ലുവിളികളും, സംരംഭകത്വത്തിൻറെ ഭാവി, വ്യാവസായ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ചർച്ചകൾ നടക്കുന്നത്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മൂവാറ്റുപുഴ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിലുള്ള മൂവാറ്റുപുഴ മുൻസിപ്പാലിറ്റിയിലെ അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് നിയമനം (നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം) നടത്തുന്നതിനായി മൂവാറ്റുപുഴ മുൻസിപ്പാലിറ്റിയിലെ സ്ഥിര താമസക്കാരും സേവന തത്പരരുമായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ പ്രായം 01.01.2023 ൽ 18 വയസ്സ് പൂർത്തിയാക്കേണ്ടതും 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ് അപേക്ഷകൾ ഒക്ടോബർ 15 വൈകീട്ട് 5 വരെ മൂവാറ്റുപുഴ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക മൂവാറ്റുപുഴ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് മൂവാറ്റുപുഴ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. ഓഫീസുമായി ബന്ധപ്പെടണം. ഫോൺ നമ്പർ 0485 2814205.

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് എംഎൽഎസ് ഡിഎഫ്/ടിസിഎഫ് (MLASDF/TCF) പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്ന് ഇടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും www.lsg.kerala.gov.in വെബ് സൈറ്റിൽ നിന്നും അറിയാം. ഫോൺ 0485 2822544. ടെൻഡർ സർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 3 വൈകിട്ട് 6.

# ഓഡി ഇന്ത്യ ലിമിറ്റഡ് എഡിഷൻ ഓഡി ക്യു8 പുറത്തിറക്കി



**കൊച്ചി:** ജർമ്മൻ ആഡംബര കാർ നിർമ്മാതാക്കളായ ഓഡി, ഉത്സവ സീസണിന് തുടക്കമിടുന്നതിന്റെ ഭാഗമായി സ്പെഷ്യൽ എഡിഷൻ ഔഡി ക്യു8 അവതരിപ്പിച്ചു. ഈ സ്പെഷ്യൽ എഡിഷൻ മെത്തോസ് ബ്ലാക്ക്, ഗ്ലേസിയർ വൈറ്റ്, ഡേടോണ ഗ്രേ എന്നിങ്ങനെ മൂന്ന് നിറങ്ങളിൽ ലഭിക്കും. 3.0 എൽടി എഫ്എസ്ഐ, 340 എച്ച് പി, 500 എൻഎം, ബിഎസ്ഢക നിലവാരം പാലിക്കൽ, 48 വി മൈൽഡ് ഹൈബ്രിഡ് എൻജിൻ, 5.9 സെക്കന്റുകളിൽ 0100, ഏറ്റവും കൂടിയ വേഗത 250 കി.മി/മണിക്കൂർ, അതിവേഗം സുഗമമായി മാറ്റാവുന്ന 8സ്പീഡ് ടിപ്ട്രോണിക് ട്രാൻസ്മിഷൻ, ക്വോട്രോ പെർമനന്റ് ഓൾ വീൽ ഡ്രൈവ്, ഡാംപർ കൺട്രോളോടു കൂടിയ സസ്പെൻഷൻ, ഇലക്ട്രോ മെക്കാനിക്കൽ പവർ സ്റ്റിയറിങ്ങ്, 'ഇൻഡിവിജ്വൽ' മോഡ് അടക്കമുള്ള 7 ഡ്രൈവിങ്ങ് മോഡുകളോടു കൂടിയ ഓഡി ഡ്രൈവ് സെലക്റ്റ് എന്നീ സവിശേഷതകളടങ്ങിയതാണ് പുതിയ സ്പെഷ്യൽ എഡിഷൻ ഔഡി ക്യു8. ഓഡി പ്രീസെൻസ് ബേസിക്, 8 എയർബാഗുകൾ, പാർക്കിങ്ങ് എയ്ഡ് പ്ലസ്സോടു കൂടിയ ഓഡി പാർക്ക് അസിസ്റ്റ്, റിയർ വ്യൂ ക്യാമറ, ഇലക്ട്രോണിക് സ്റ്റെബിലൈസേഷൻ പ്രോഗ്രാം എന്നീ സുരക്ഷാ സജ്ജീകരണങ്ങളോടെ ഇറങ്ങുന്ന ഓഡി ക്യൂ8 സ്പെഷ്യൽ എഡിഷന്റെ എക്സ്ഷോറൂം വില 1,18,46,000 രൂപയാണ്.ഞങ്ങളുടെ ഉൽപ്പന്ന നിരയിലെ ഏറ്റവും വൈവിധ്യമാർന്ന എസ് യുവിയാണ് ഓഡി ക്യു8 എന്ന് ഓഡി ഇന്ത്യയുടെ തലവൻ ബൽബീർ സിംഗ് ധില്ലൺ പറഞ്ഞു.സൗകര്യവും ചാരുതയും സാങ്കേതിക സമ്പന്നമായ അനുഭവവും സമ്മേളിക്കുന്ന ഒരു കാർ അന്വേഷിക്കുന്ന ഉപഭോക്താക്കൾക്കായി ഒരു ലിമിറ്റഡ് എഡിഷൻ ഓഡി ക്യു8 പുറത്തിറക്കി കൊണ്ട് ഉത്സവ സീസൺ ആരംഭിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും ബൽബീർ സിംഗ് ധില്ലൺ പറഞ്ഞു.

